# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## വിളവൂർക്കൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSADTVM/GP/1217/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 20/09/2021
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വിളവൂർക്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വിളവൂർക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വിളവൂർക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSADTVM/GP/1217/2021 തീയ്യതി: 20/09/2021

# തിരുവനന്തപുരം ജില്ലയിലെ വിളവൂർക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ വിളവൂർക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-08-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 41 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 38 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ കെ | ഡെപ്യൂട്ടി ഡയറക്ടർ | 06-08-2021 | 13-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-08-2021 | 13-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിന്ധു.പി.എസ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി ശ്രീദേവി. പി, ഓഡിറ്റ് ഓഫീസർ
ശ്രീമതി സീന കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി അനീഷ എസ് ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ അൻവർ രാജ്.എം,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ആര്യ കൃഷ്ണൻ ആർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ വി അനിൽകുമാർ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ലതാകുമാരി എസ് | സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി ലേഖ ഡി എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി കലാറാണി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ മുംതാസ് ബീഗം | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ മാലിനി | മെഡിക്കൽ ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ മാഗ്ഡലിൻ E W | മെഡിക്കൽ ഓഫീസർ , ഹോമിയോപ്പതി | 01-04-2019 | 31-03-2020 |
| ഡോ എസ് പ്രമോദ് | മെഡിക്കൽ ഓഫീസർ , ആയുർവേദം | 01-04-2019 | 31-03-2020 |
| ശ്രീമതി ശ്രീരമ്യ എസ് നായർ | VEO I | 01-04-2019 | 31-03-2020 |
| ശ്രീമതി സജീഷ എസ് | VEO II | 01-04-2019 | 31-03-2020 |
| ശ്രീ മധുസൂദനൻ | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി ലതിക പി എസ് | ICDS സൂപ്പർവൈസർ | 01-04-2019 | 20-12-2019 |
| ശ്രീമതി ബിനിത | ICDS സൂപ്പർവൈസർ | 21-12-2019 | 31-03-2020 |
| ശ്രീ വിശ്വകുമാർ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 30-04-2019 |
| ശ്രീമതി വിജുമോൾ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-05-2019 | 29-07-2019 |

| | | | |
|---|---|---|---|
| ശ്രീ ജയപ്രകാശ് എസ് പി | അസിസ്റ്റന്റ് എഞ്ചിനിയർ | 29-07-2019 | 31-03-2020 |
| ശ്രീ ജയകുമാർ ആർ വി | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Zeena K (Senior Grade Auditor, On 14-08-2021)<br>Last Updated By: Reni L.S. (Computer Assistant, On 15-09-2021) | 1.1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Sindhu P.S (Audit Officer, On 14-08-2021)<br>Last Updated By: Reni L.S. (Computer Assistant, On 14-09-2021) | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം<br>Written By: Zeena K (Senior Grade Auditor, On 16-08-2021)<br>Last Updated By: Reni L.S. (Computer Assistant, On 16-09-2021) | 1-3 |
| 4 | പദ്ധതി അവലോകനം<br>Written By: Zeena K (Senior Grade Auditor, On 14-08-2021)<br>Last Updated By: Reni L.S. (Computer Assistant, On 16-09-2021) | 1-4 |
| 5 | പണം നീക്കിയിരിപ്പ് പരിശോധന<br>Written By: Anwar Raj.M (Senior Grade Auditor, On 13-08-2021)<br>Last Updated By: Reni L.S. (Computer Assistant, On 14-09-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Arya Krishnan A.R (Auditor, On 13-08-2021)<br>Last Updated By: Reni L.S. (Computer Assistant, On 16-09-2021) | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി പ്രവർത്തനം അവലോകനം<br>Written By: Arya Krishnan A.R (Auditor, On 13-08-2021)<br>Last Updated By: Reni L.S. (Computer Assistant, On 15-09-2021) | 1-6-1 |
| 8 | റേഷൻകടകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു<br>Written By: Arya Krishnan A.R (Auditor, On 13-08-2021)<br>Last Updated By: Sindhu P.S (Audit Officer, On 15-08-2021) | 1-7 |
| 9 | പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ-അപാകതകൾ<br>Written By: Arya Krishnan A.R (Auditor, On 13-08-2021)<br>Last Updated By: Reni L.S. (Computer Assistant, On 14-09-2021) | 1-8 |
| 10 | പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ -എ.എഫ്.എസ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല<br>Written By: Arya Krishnan A.R (Auditor, On 13-08-2021)<br>Last Updated By: Reni L.S. (Computer Assistant, On 14-09-2021) | 1-9 |
| 11 | ക്ഷേമ പദ്ധതികൾ<br>Written By: Anwar Raj.M (Senior Grade Auditor, On 14-08-2021)<br>Last Updated By: Reni L.S. (Computer Assistant, On 16-09-2021) | 1-10 |
| 12 | ആസ്തി സംരക്ഷണം<br>Written By: P. Sreedevi (Audit Officer, On 16-08-2021)<br>Last Updated By: Sindhu P.S (Audit Officer, On 17-08-2021) | 1-11 |
| 13 | പ്രൊക്യൂർമെന്റ് കമ്മിറ്റി ചുമതലകൾ നിറവേറ്റുന്നില്ല<br>Written By: Sindhu P.S (Audit Officer, On 15-08-2021)<br>Last Updated By: Reni L.S. (Computer Assistant, On 14-09-2021) | 1-12 |
| 14 | കിണർ റീ ചാർജ്ജിംഗ് പദ്ധതി -അപാകതകൾ.<br>Written By: P. Sreedevi (Audit Officer, On 13-08-2021)<br>Last Updated By: Reni L.S. (Computer Assistant, On 14-09-2021) | 1-13 |
| 15 | സ്ത്രീകൾക്ക് അടിസ്ഥാനയോഗ പരിശീലനം പദ്ധതി - തുക തടസ്സപ്പെടുത്തുന്നു.<br>Written By: P. Sreedevi (Audit Officer, On 13-08-2021)<br>Last Updated By: Sindhu P.S (Audit Officer, On 17-08-2021) | 1-14 |
| 16 | ആഭ്യന്തര നിയന്ത്രണത്തിലെ അപാകതകൾ<br>Written By: P. Sreedevi (Audit Officer, On 13-08-2021)<br>Last Updated By: Sindhu P.S (Audit Officer, On 17-08-2021) | 1-15 |
| 17 | അനിവാര്യ ചുമതലകൾ | 1-16 |

| | | |
|---|---|---|
| | Written By: P. Sreedevi (Audit Officer, On 13-08-2021)<br>Last Updated By: Reni L.S. (Computer Assistant, On 15-09-2021) | |
| 18 | മരുന്നുകൾ സ്റ്റോക്കിൽ രേഖപ്പെടുത്തുന്നതിൽ അപാകത<br>Written By: Anwar Raj.M (Senior Grade Auditor, On 15-08-2021)<br>Last Updated By: Sindhu P.S (Audit Officer, On 17-08-2021) | 1-17 |
| 19 | പരിശോധനയ്ക്ക് സഹായമാകും വിധം പദ്ധതികളുടെ ഫയലുകൾ ഹാജരാക്കിയിരുന്നില്ല - 1109065/- രൂ തടസ്സപ്പെടുത്തുന്നു<br>Written By: Anwar Raj.M (Senior Grade Auditor, On 15-08-2021)<br>Last Updated By: Reni L.S. (Computer Assistant, On 15-09-2021) | 1-18 |
| 20 | കാലഹരണ തീയതി കഴിഞ്ഞതിനു ശേഷവും മരുന്നുകൾ വിതരണം ചെയ്തു<br>Written By: Anwar Raj.M (Senior Grade Auditor, On 15-08-2021)<br>Last Updated By: Reni L.S. (Computer Assistant, On 16-09-2021) | 1-19 |
| 21 | കെട്ടിട നികുതി കുടിശ്ശിക രൂപ 9,89,267/- രൂപ<br>Written By: Anwar Raj.M (Senior Grade Auditor, On 15-08-2021)<br>Last Updated By: Reni L.S. (Computer Assistant, On 16-09-2021) | 1-20 |
| 22 | നിക്ഷേപ പ്രവൃത്തി -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: ANISHA . S.B (Senior Grade Auditor, On 16-08-2021)<br>Last Updated By: Reni L.S. (Computer Assistant, On 14-09-2021) | 1-21 |
| 23 | ആശ്രയ പുരോഗതി വിലയിരുത്തേണ്ടതാണ്<br>Written By: ANISHA . S.B (Senior Grade Auditor, On 16-08-2021)<br>Last Updated By: Reni L.S. (Computer Assistant, On 14-09-2021) | 1-22 |
| 24 | അംഗൻ വാടികളുടെ അടിസ്ഥാന സൗകര്യം അപര്യാപ്തം<br>Written By: Zeena K (Senior Grade Auditor, On 14-08-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 17-09-2021) | 1-23 |
| 25 | ഭവനപുനരുദ്ധാരണം - ആനുകൂല്യം നൽകൽ – സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്<br>Written By: ANISHA . S.B (Senior Grade Auditor, On 16-08-2021)<br>Last Updated By: Reni L.S. (Computer Assistant, On 14-09-2021) | 1-24 |
| 26 | എസ്.എൽ.ഐ. പ്രീമിയം ഈടാക്കിയതിൽ കുറവ്<br>Written By: Sindhu P.S (Audit Officer, On 17-08-2021)<br>Last Updated By: Reni L.S. (Computer Assistant, On 14-09-2021) | 1-25 |
| 27 | തെരുവുവിളക്ക് മെയിന്റനൻസ് പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Sindhu P.S (Audit Officer, On 17-08-2021)<br>Last Updated By: Reni L.S. (Computer Assistant, On 14-09-2021) | 1-26 |
| 28 | ലാപ്ടോപ്പ് വാങ്ങൽ - ചെലവ് തുക ബിൽ തുകയുമായി പൊരുത്തപ്പെടുന്നില്ല<br>Written By: ANISHA . S.B (Senior Grade Auditor, On 16-08-2021)<br>Last Updated By: Reni L.S. (Computer Assistant, On 14-09-2021) | 1-27 |
| 29 | ഹരിതകർമ്മസേനക്ക് നൽകിയ രസീത് ബുക്കുകൾ ഗ്രാമ പഞ്ചായത്തിന്റെ സ്റ്റോക്കിൽ ഉൾപ്പെടേണ്ടതും വിതരണ ശേഷം തിരികെ വാങ്ങി സൂക്ഷിക്കേണ്ടതുമാണ്.<br>Written By: ANISHA . S.B (Senior Grade Auditor, On 16-08-2021)<br>Last Updated By: Reni L.S. (Computer Assistant, On 14-09-2021) | 1-28 |
| 30 | ജെന്റർ റിസോഴ്സ് സെന്റർ - പദ്ധതി പ്രകാരമുള്ള തുക സി.ഡി.എസ് ചെയർപേഴ്സന്റെ വ്യക്തിഗത അക്കൗണ്ടിലേക്ക് നൽകി .<br>Written By: ANISHA . S.B (Senior Grade Auditor, On 16-08-2021)<br>Last Updated By: Reni L.S. (Computer Assistant, On 16-09-2021) | 1-29 |
| 31 | പദ്ധതി രൂപീകരണ ഫോറത്തിൽ നിർവ്വഹണരീതി, പദ്ധതി പ്രയോജനം ലഭിക്കുന്ന ഗുണഭോക്താക്കളുടെ വിവരം | 1-30 |

| | | |
|---|---|---|
| | ,എന്നിവ ഉൾപ്പെടുത്തേണ്ടതാണ്<br>Written By: ANISHA . S.B (Senior Grade Auditor, On 16-08-2021)<br>Last Updated By: Reni L.S. (Computer Assistant, On 16-09-2021) | |
| 32 | ഗുണഭോക്താക്കളുടെ. തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്<br>Written By: ANISHA . S.B (Senior Grade Auditor, On 16-08-2021)<br>Last Updated By: Reni L.S. (Computer Assistant, On 16-09-2021) | 1-31 |
| 33 | സ്വന്തമായി വീടുണ്ടായിരിക്കെ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടു<br>Written By: ANISHA . S.B (Senior Grade Auditor, On 16-08-2021)<br>Last Updated By: Reni L.S. (Computer Assistant, On 16-09-2021) | 1-32 |
| 34 | ലൈഫ് ഭവന പദ്ധതി - പൂർത്തിയായ ഭവനങ്ങൾക്ക് കെട്ടിടനമ്പർ നൽകുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: ANISHA . S.B (Senior Grade Auditor, On 16-08-2021)<br>Last Updated By: Reni L.S. (Computer Assistant, On 16-09-2021) | 1-33 |
| 35 | മറ്റ് ഓഡിറ്റുകളുടെ തുടർനടപടികൾ<br>Written By: Zeena K (Senior Grade Auditor, On 15-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 16-09-2021) | 1-34 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | വാറ്റ് ഇനത്തിൽ കുറവ് ചെയ്യേണ്ട തുക കുറവ് ചെയ്യാതെ തുക അനുവദിച്ചതിലൂടെ കൺവീനർക്ക് അധിക ആനുകൂല്യം നല്കി-നഷ്ടം143803/-രൂപ<br>Written By: Zeena K (Senior Grade Auditor, On 14-08-2021)<br>Last Updated By: Reni L.S. (Computer Assistant, On 16-09-2021) | 3-1 |
| | **ഭാഗം 4** | |
| 1 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Zeena K (Senior Grade Auditor, On 14-08-2021)<br>Last Updated By: Reni L.S. (Computer Assistant, On 16-09-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Zeena K (Senior Grade Auditor, On 14-08-2021)<br>Last Updated By: Reni L.S. (Computer Assistant, On 16-09-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Zeena K (Senior Grade Auditor, On 14-08-2021)<br>Last Updated By: Reni L.S. (Computer Assistant, On 14-09-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Zeena K (Senior Grade Auditor, On 14-08-2021)<br>Last Updated By: Zeena K (Senior Grade Auditor, On 14-08-2021) | 4-3 |
| 5 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Zeena K (Senior Grade Auditor, On 14-08-2021)<br>Last Updated By: Zeena K (Senior Grade Auditor, On 14-08-2021) | 4-4 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Zeena K (Senior Grade Auditor, On 14-08-2021)<br>Last Updated By: Zeena K (Senior Grade Auditor, On 14-08-2021) | 4-5 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Zeena K (Senior Grade Auditor, On 14-08-2021)<br>Last Updated By: Zeena K (Senior Grade Auditor, On 14-08-2021) | 4-6 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Zeena K (Senior Grade Auditor, On 14-08-2021)<br>Last Updated By: Reni L.S. (Computer Assistant, On 15-09-2021) | 4-7 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Zeena K (Senior Grade Auditor, On 14-08-2021) | 4-8 |

| | | |
|---|---|---|
| | Last Updated By: Zeena K (Senior Grade Auditor, On 14-08-2021) | |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിശദാംശം<br>Written By: P. Sreedevi (Audit Officer, On 18-08-2021)<br>Last Updated By: P. Sreedevi (Audit Officer, On 18-08-2021) | 4-9 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1.1 ബജറ്റ്

2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് 24.03.2020 ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും ചെലവും വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള യഥാർത്ഥ വരവും ചെലവുമായി പൊരുത്തപ്പെടുന്നില്ല.വിശദ വിവരം ചുവടെ ചേർക്കുന്നു.

| 2019-20 | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബജറ്റ് പ്രകാരം | 40,86,355 | 43,36,89,000 | 43,77,75,355 | 43,30,67,000 | 47,08,355 |
| വാർഷിക ധനകാര്യ പത്രിക പ്രകാരം | 1,65,74,223.95 | 8,86,98,734 | 10,52,72,957.95 | 81,4,03,589 | 2,38,69,368.98 |

ബജറ്റ് തയ്യാറാക്കുന്നതിലെ മേൽ അപാകത പരിഹരിക്കേണ്ടതാണ്.

### 1.1.1ബജറ്റ് സമയബന്ധിതമായി പരിഷ്കരിച്ചിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ടസ്) ചട്ടങ്ങൾ 72 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ ബജറ്റിൽ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവു ചെയ്യുന്നതിനായി അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്.എന്നാൽ ഗ്രാമപഞ്ചായത്തിൽ 2019-20 ലെ ബജറ്റ് പരിഷ്കരിക്കുവാൻ തീരുമാനിച്ചത് 24.01.2020 ലെ 3 ാം നമ്പർ തീരുമാനപ്രകാരമാണ്.എന്നാൽ 2020-21 ലെ ബജറ്റിൽ പരിഷ്കരിച്ച ബജറ്റിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല.

### 1.1.2ബജറ്റ് വകയിരുത്തൽ-ചെലവ് അപാകതകൾ

കേരള പഞ്ചായത്ത് രാജ് ആക്ടിലെ 214(5) പ്രകാരം ബജറ്റിൽ ഇല്ലാത്ത ചെലവ് ചെയ്യേണ്ടി വന്നാൽ തൊട്ടടുത്ത് ചേരുന്ന പഞ്ചായത്ത് യോഗത്തിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അംഗീകരിച്ച് അനുവാദം നേടേണ്ടതാണ്.അടുത്ത വർഷത്തെ ബജറ്റിനോടൊപ്പം തന്നാണ്ടിൽ ബജറ്റിൽ വകയിരുത്താത്ത തുകകൾ ചെലവു ചെയ്യുന്നതിനുള്ള അനുമതി നൽകുന്നത് പുതുക്കിയ ബജറ്റായി കണക്കാക്കുവാൻ പാടില്ലായെന്നിരിക്കെ ഇത്തരത്തിലാണ് ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. ബജറ്റിൽ വകയിരുത്താതെയും,വകയിരുത്തിയതിൽ കൂടുതൽ ചെലവാക്കിയതും,പ്രതീക്ഷിത വരവ് കണക്കാക്കിയതിലെ അപാകത എന്നിവ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

### 1.1.2 (1) ബജറ്റിൽ വകയിരുത്താതെ ചെലവ് ചെയ്തിരിക്കുന്നു.

| ക്രമ നം | ഹെഡ് ഓഫ് അക്കൗണ്ട് (വാർഷിക | ഇനം | ബജറ്റ് പ്രകാരമുള്ള തുക | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക |
|---|---|---|---|---|

| | ധനകാര്യ പത്രിക) | | (പരിഷ്കരിച്ച) | |
|---|---|---|---|---|
| 1 | 250100301 | Agricultural Development Programe-General | -- | 77000/- |
| 2 | 250104101 | Animal Husbandry-Related Facility - General | -- | 480000/- |
| 3 | 250104601 | Dairy Development-Storage And Marketing - General | -- | 238000/- |
| 4 | 250301501 | Service Enterprises - General | -- | 60000/- |
| 5 | 251100601 | SSA &Other Educational Programs-General | -- | 500000/- |
| 6 | 251101301<br>251101302<br>251101303 | Educational Related Activities -Gen,SCP,TSP | -- | 800000/- |
| 7 | 251200101 | PHC,CHC,& Other Hospital /Dispensaries | -- | 402517/- |
| 8 | 251201801 | Homeo Dispensary | -- | 54000/- |
| 9 | 252100201 | Energy-Other Elecrification Programs-Gen | -- | 96000/- |
| 10 | 252200103 | Roads-Gen&TSP | -- | 2533718/- |

ബഡ്ജറ്റിൽ തുക വകയിരുത്തുമ്പോൾ പദ്ധതിയിനത്തിൽ ചെലവഴിക്കേണ്ട തുക വകയിരുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

<u>1.1.2(2)കൂടുതൽ ചെലവു ചെയ്യുകയും എന്നാൽ പ്രസ്തുത ചെലവ് പരിഷ്കരിച്ചിട്ടില്ലാത്തതുമാണ്.</u>

ചുവടെ ചേർക്കുന്ന ഇനങ്ങൾക്ക് ബജറ്റിൽ വകയിരുത്തിയെതിനെക്കാളും തുക ചെലവഴിച്ചിട്ടുണ്ട്.എന്നാൽ അവ അടുത്ത സാമ്പത്തിക വർഷത്തിൽ പുതുക്കിയിട്ടുമില്ല.

| ക്രമ നം | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | ബജറ്റ് പ്രകാരമുള്ള തുക | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 250100101 | Agricultural &Related Sectors-Paddy-General | 45575 | 47768 |
| 2 | 250103501 | Animal Husbandry-Poultry-General | 580000 | 734500 |
| 3 | 251420201 | Anganwadi Related Services | 69000 | 657000 |

ബജറ്റ് തയ്യാറാക്കുമ്പോൾ ആവശ്യമായ തുക വകയിരുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. നിയമപ്രകാരം ബജറ്റ് പുതുക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

1.1.2.(3)വരവിനങ്ങളുടെ പ്രതീക്ഷിത വരവ് മുൻവർഷത്തെ വരവുകൾ കണക്കിലെടുക്കാതെ ബജറ്റ് തയ്യാറാക്കിയിരിക്കുന്നു

2019-20 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത വരവിനങ്ങൾ മുൻവർഷത്തേ വരവുകൾ കണക്കിലെടുക്കാതെ ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്.

| ക്രമ നം | ഇനം | 2018-19 RP പ്രകാരമുള്ള വരവ് (അരിയർ ഉൾപ്പെടെ) | 2019-20 l പ്രകാരമുള്ള ഡിമാന്റ് | 2019-20 ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് |
|---|---|---|---|---|
| 1 | Property Tax | 39,11,117 | 55,49,787/- | 80,00,000/- |
| 2 | Profession Tax | 7,72,440 | 8,17,085/- | 11,00,000/- |
| 3 | Entertainment Tax | -- | 33163- | 4,00,000/- |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 3 നുള്ള മറുപടിയിൽ ഭാവിയിൽ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ബജറ്റ് നിർദ്ദേശങ്ങൾ പാലിക്കുന്നതിനായി ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 28.04.2020 | -- | -- |

1-2-4 സംയുക്ത പ്രോജക്റ്റ് നീക്കിയിരിപ്പ് തുക തനതു ഫണ്ടിൽ അവശേഷിക്കുന്നു.

23.01.2017 ലെ ജി.ഒ.(പി) 7/2017 ഉത്തരവ് പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുകയിൽ ചെലവഴിക്കാതെ ബാക്കി വന്ന തുകകൾ അതാതു സാമ്പത്തിക വർഷം ഫെബ്രുവരി 28 നകം അവ ലഭിച്ച സ്ഥാപനങ്ങളിലേക്ക് അടവാക്കണമെന്നിരിക്കെ ഗ്രാമപഞ്ചായത്തിൽ ലഭ്യമായ തുകകൾ തിരികെ അടവാക്കാതെ തനതു ഫണ്ടിൽ അവശേഷിക്കുന്നു.വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| Block Panchayat (Revenue Expenditure) | 12,67,132/- |
| District Panchayat (Revenue Expenditure) | 1,96,000/- |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം 10 നുള്ള മറുപടിയിൽ അവശേഷിക്കുന്ന തുകകൾ

തിരിച്ചടയ്ക്കുവാനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ധനകാര്യപത്രികയിലെ മറ്റ് അപാകതകൾ

1. പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഇനത്തിലെ വരവെല്ലാം പ്രസ്തുത ഹെഡിലല്ല ഉൾക്കൊള്ളിച്ചിട്ടുള്ളത്.

2.അംഗൻവാടി കെട്ടിടനിർമ്മാണത്തിനുള്ള ബ്ലോക്ക് വിഹിതമായ 298760/- രൂപയുടെ ചെലവ് മറ്റുള്ളവ എന്ന ഹെഡിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

3. SBI Plan Fund എന്ന പേരിൽ ഒരു അക്കൗണ്ട് നിഷ്ക്രിയമായി ശേഷിക്കുന്നു.

4. 2018-19 ധനകാര്യപത്രിക B18 സ്റ്റേറ്റ്മെന്റ് പ്രകാരം വിവിധപ്രവൃത്തികൾക്കായി നിക്ഷേപം നൽകിയ തുക വിനിയോഗസാക്ഷ്യപത്രം ലഭ്യമാകാത്തതിനാൽ ശേഷിക്കുന്നുണ്ട് . വിശദവിവരം ചുവടെ ചേർക്കുന്നു.

| ഏജൻസി | 18-19ൽ നൽകിയ തുക | 19-20ൽ നൽകിയ തുക |
|---|---|---|
| KWA | 1948000 | - |
| KSEB | 4330790 | 299450 |
| PWD | 191250 | - |

മുൻവർഷങ്ങളിൽ നൽകിയ തുകകൾക്കൊന്നും നാളിതുവരെ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല. എന്നാൽ തൻവർഷം ഈ തുകകളെല്ലാം ഒഴിവാക്കി പുതുതായി നൽകിയ തുകകൾ മാത്രമാണ് ധനകാര്യപത്രികയിൽ ചേർത്തിട്ടുള്ളത്.

## 1-3 ഗ്രാന്റ് വിനിയോഗം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ്സായ തുക* |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | - | 14113791 | 14113791 | 13802728 | 563 |
| വികസന ഫണ്ട് (SCP) | - | 6555059 | 6555059 | 3939918 | 1544447 |
| വികസന ഫണ്ട് (TSP) | - | 123588 | 123588 | 123588 | 480857 |
| CFC ഗ്രാന്റ് | - | 12833164 | 12833164 | 5494766 | 3604112 |
| മെ.ഫണ്ട് (റോഡ്) | - | 20469000 | 20469000 | 9960221 | 1265371 |
| മെ.ഫണ്ട് (റോഡിതരം) | - | 4889000 | 4889000 | 2141200 | |
| കേന്ദ്രാവിഷ്കൃത ഫണ്ട്(ഇനം തിരിച്ച്) | | | | | |
| എൻ.ആർ.ഇ.ജി.എ | 20478 | 2070305 | 2090783 | 1516768 | 574015 |
| ഐ.സി.ഡി.എസ് | 2070471 | 800694 | 2871165 | 411105 | 2460060 |
| PMRY | 0 | 6600000 | 6600000 | 840000 | 5760000 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | | | | | |
| സാക്ഷരത | 6543 | 232 | 6775 | 60 | 6715 |
| ശുചിത്വ മിഷൻ | 2042741 | 977732 | 3020473 | 478880 | 2541593 |
| മറ്റ് ഗ്രാന്റുകൾ, അവാർഡുകൾ (നിർമ്മൽ പുരസ്കാർ) | - | 500000 | 500000 | 165035 | 334985 |

1-3-1 ഗ്രാന്റിനത്തിൽ ലാപ്സായ തുകകൾ (*നീക്കിയിരിപ്പിന്റെ വിശദ വിവരം)

ACR പ്രകാരമുള്ള നീക്കിയിരിപ്പിൽ ക്യൂ ബിൽ തുക കുറച്ചാൽ ബാക്കിയുള്ള തുക ഗ്രാമപഞ്ചായത്തിന്റ ലാപ്സായ തുകയാണ്.വിശദവിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ACR പ്രകാരമുള്ള നീക്കിയിരിപ്പ് | ക്യൂ ബിൽ | ലാപ്സ്സായ തുക |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 311063 | 310500 | 563 |
| വികസന ഫണ്ട് (എസ്.പി.പി) | 2615141 | 1070694 | 1544447 |
| CFC ഗ്രാന്റ് | 7338398 | 6857541 | 480857 |
| മെ.ഫണ്ട് (റോഡ്) | 10508779 | 6904667 | 3604112 |
| മെ.ഫണ്ട് (റോഡിതരം) | 2747800 | 1482429 | 1265371 |

പദ്ധതിയിനത്തിൽ ലഭ്യമാകുന്ന തുക പൂർണമായും ഫലപ്രദമായും വിനിയോഗിക്കുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്. ആവശ്യമായതും നടപ്പാക്കാൻ കഴിയുന്നതുമായ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും തുക ലാപ്സാകാതെ ഉപയോഗിക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-3-2. 2019-20 സാമ്പത്തിക വർഷത്തെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, വാർഷിക ധനകാര്യപത്രിക എന്നിവ പരിശോധിച്ചതിലെ വ്യത്യാസം

2019-20 സാമ്പത്തിക വർഷത്തെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, വാർഷിക ധനകാര്യപത്രിക എന്നിവ പരിശോധിച്ചതിൽ ചെലവിനത്തിൽ ചുവടെ ചേർക്കുന്ന വ്യത്യാസം വന്നിട്ടുണ്ട്.

| ഫണ്ടിനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | വാർഷിക ധനകാര്യപത്രിക പ്രകാരം |
|---|---|---|
| വികസന ഫണ്ട്-ജനറൽ | 16474711 | 13802728 |
| വികസന ഫണ്ട്-എസ്.സി.പി | 4042859 | 3939918 |
| വികസന ഫണ്ട്-റ്റി.എസ്.പി | 153000 | 123588 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 4 നുള്ള മറുപടിയിൽ Source Deduction വന്നതിനാലാണ് പ്രസ്തുത വ്യത്യാസം വന്നതെന്ന് അറിയിച്ചിരിക്കുന്നു.

1-3-3. ഉല്പാദന മേഖലയ്ക്ക് വകയിരുത്തിയതിൽ കുറവ്

വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള പദ്ധതി മാർഗ്ഗരേഖ 20.01.2018 ലെ സ.ഉ(കൈ)നം 11/2018 തസ്വഭവ 5.4.1(3) പ്രകാരം ഗ്രാമപഞ്ചായത്തിലെ പൊതുവിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതത്തിൽ നിന്നും ഏറ്റവും കുറഞ്ഞത് 30%മെങ്കിലും ഉല്പാദന മേഖലയ്ക്ക് വകയിരുത്തണമെന്നിരിക്കെ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിലുള്ള വകയിരുത്തലുകൾ നടന്നിട്ടില്ല.

സാംഖ്യ Consolidated Report പ്രകാരം ഉല്പാദന മേഖലയ്ക്കുള്ള അടങ്കൽ 48,52,517/-രൂപയാണ്. ആയതു വികസന ഫണ്ട് സാധാരണത്തിന്റെ ആകെ അടങ്കലിന്റെ 29% മാത്രമേയുള്ളൂ. (വികസന ഫണ്ട് സാധാരണം വകയിരുത്തേണ്ട തുക 1,67,86,000/-)

എന്നാൽ ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം.4 നുള്ള 2018-19 പ്രകാരം വകയിരുത്തേണ്ട തുകയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത മറുപടി അംഗീകരിക്കുവാൻ കഴിയില്ല. മാർഗരേഖ അനുശാസിക്കുന്ന വിധത്തിലുള്ള വകയിരുത്തലുകൾ വരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-3-4. CFC ഗ്രാന്റിന്റെ ചെലവ് സംബന്ധിച്ച്

CFC ഗ്രാന്റിൽ പൊതുവിഭാഗത്തിലെ മേഖലയിനത്തിലെ ചെലവ് ശതമാനം താരതമ്യേന കുറവായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| മേഖല | അടങ്കൽ | ചെലവ് | ചെലവ് % |
|---|---|---|---|
| ഉല്പാദനം | 1833136 | 766548 | 41% |
| സേവനം | 2481749 | 334765 | 13% |
| പശ്ചാത്തലം | 11079492 | 4393453 | 39% |

1-3-5.വികസന ഫണ്ട് പൊതു വിഭാഗം പശ്ചാത്തലത്തിന്റെ ചെലവ് ശതമാനം 7% മാത്രമാണ്

| അടങ്കൽ | ചെലവ് | ചെലവ് % |
|---|---|---|
| 1860312 | 132403 | 7% |

1-3-4, 1-3-5എന്നിവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 2 ന മറുപടി ഹാജരാക്കിയിട്ടില്ല.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 271 | 144379022 | 152 | 61480495 | -- | 119 | 42.58% |

1-4-1 സ്പിൽ ഓവർ പദ്ധതികൾ 2019-20 സാമ്പത്തിക വർഷത്തിലും നടപ്പാക്കിയില്ല.

16-11-2013 ലെ സർക്കാർ ഉത്തരവ് നമ്പർ 362/2013/തസ്വഭവ ഖണ്ഡിക 11.3 Xii (ഇ) യിലും 29-3-2017 ലെ 72/2017/ തസ്വഭവ നമ്പരിലുള്ള പദ്ധതി മാർഗനിർദ്ദേശത്തിലും സ്പിൽ ഓവർ പദ്ധതികൾ സ്പിൽ ഓവറായ വർഷംതന്നെ പൂർത്തീകരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2019-20

ൽ അംഗീകാരം ലഭിച്ച സ്പിൽ ഓവർ പ്രോജക്ടുകളിൽ പൂർത്തിയാക്കത്തവയുടെ വിശദ വിവരവും ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 1 ന്റെ മറുപടി സഹിതം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം | പദ്ധതിയുടെ പേര് | അടങ്കൽ | ലഭ്യമാക്കിയ മറുപടി |
|---|---|---|---|---|
| 1 | 225/19 | പഞ്ചായത്തിൽ അതിർത്തി നിർണ്ണയ,മുന്നറിയിപ്പ് ബോർഡ് എന്നിവ സ്ഥാപിക്കൽ | 65000/- | കരാറുകാരൻ ചെയ്യാൻ കഴിയില്ലായെന്ന അറിയിച്ചിരിക്കുന്നു. |
| 2 | 226/19 | വെള്ളകോണം വയലരികത്ത് നടപ്പാത സൈഡ് വാൾ & കോൺക്രീറ്റ് -13 | 47775/- | കൺവീനർമാർ യഥാസമയം പണി പൂർത്തീകരിച്ചില്ല. |
| 3 | 228/19 | വട്ടവിള നെയ്യാമൂല റോഡ് ഇന്റർലോക്ക്-വാർഡ് 1 | 50000/- | കൺവീനർമാർ യഥാസമയം പണി പൂർത്തീകരിച്ചില്ല. |
| 4 | 231/19 | പള്ളിമുക്ക് പ്ലാവിള ഓട പുനരുദ്ധാരണം വാർഡ് 4 | 495000/- | കരാറുകാർക്ക് നോട്ടീസ് നൽകിയിട്ടും പണി പൂർത്തിയാക്കിയിട്ടില്ല. |
| 5 | 236/19 | മേടവിള മണ്ണാവിളാകം റഡാർ തുണ്ട് ഇടവഴി കോൺക്രീറ്റ് | 150000/- | കരാറുകാർക്ക് നോട്ടീസ് നൽകിയിട്ടും പണി പൂർത്തിയാക്കിയിട്ടില്ല. |
| 6 | 242/19 | ഹനുമാൻ ക്ഷേത്രം നടപ്പാത കോൺക്രീറ്റ് വാർഡ് 1 | 50000/- | കൺവീനർമാർ യഥാസമയം പണി പൂർത്തീകരിച്ചില്ല. |
| 7 | 243/19 | വെള്ളെക്കോണം കുളവരമ്പ് റോഡ് മെറ്റലിംഗ് ,ടാറിംഗ്-വാർഡ് 13 | 135000/- | കരാറുകാർക്ക് നോട്ടീസ് നൽകിയിട്ടും പണി പൂർത്തിയാക്കിയിട്ടില്ല. |
| 8 | 245/19 | കളത്തിൽ ചന്ത റോഡ് റീ ടാറിംഗ് വാർഡ് 13 | 344500/- | കരാറുകാർക്ക് നോട്ടീസ് നൽകിയിട്ടും പണി പൂർത്തിയാക്കിയിട്ടില്ല. |
| 9 | 250/19 | 129-ാം അംഗൻവാടി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ വാർഡ് 7 | 155000/- | കൺവീനർമാർ യഥാസമയം പണി പൂർത്തീകരിച്ചില്ല. |
| 10 | 257/19 | മരിച്ചീനിവിള ലെയിൻ ഇന്റർലോക്കിംഗ് | 60363/- | സൈറ്റിൽ പ്രവൃത്തി ചെയ്യുന്നതിൽ തടസ്സമുണ്ടായതിനാൽ പ്രവൃത്തി പൂർത്തീകരിച്ചില്ല. |

മരാമത്ത് പ്രവൃത്തികൾ വിഭാവനം ചെയ്ത് നടപ്പാക്കുമ്പോൾ സൈറ്റ് പരിശോധന ആദ്യം തന്നെ നടത്തുകയും തദനസൃതമായി പദ്ധതി ആവിഷ്കരിക്കുകയും നടപ്പാക്കുകയും തുക ലാപ്സാകാതെ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-5 പണം നീക്കിയിരിപ്പ് പരിശോധന

തിരുവനന്തപുരം ജില്ലയിലെ വിളവൂർക്കൽ ഗ്രാമ പഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള പണം നീക്കിയിരിപ്പ് പരിശോധന 09.08.2021 തീയതിയിൽ പകൽ 10:30 സമയത്ത് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 19,239/-രൂപ നീക്കിയിരിപ്പുള്ളതായി ബോദ്ധ്യപ്പെട്ടു.

## 1-6 തൊഴിലുറപ്പ് പദ്ധതി

2020-21 സാമ്പത്തിക വർഷത്തെ എ.എഫ്.എസ് പ്രകാരമുള്ള NREGS-ന്റെ പദ്ധതി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 20478 | 2070305* | 2090783 | 1516768** | 574015 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 30097205 | 30097205 | 30097205 | 0 |
| ആകെ | 20478 | 32167510 | 32187988 | 31613973 | 574015 |

*ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.08/10.08.2021-ന്റെ മറുപടി പ്രകാരം NREGS-ന്റെ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ് 1687528/- രൂപയാണ്. 3,82,777/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

**NREGS-ന്റെ ക്യാഷ് ബുക്ക് പ്രകാരമുള്ള ചെലവ് 11,33,991/- രൂപയാണ്. 3,82,777/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

## 1-6-1 തൊഴിലുറപ്പ് പദ്ധതി പ്രവർത്തനം അവലോകനം

2019- 2020 സാമ്പത്തികവർഷത്തെ NREGS – ന്റെ പ്രവർത്തനത്തെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.09/2021 (10.08.2021)-ന ലഭ്യമാക്കിയ മറുപടി പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2019-20 സാമ്പത്തിക വർഷം തൊഴിൽ കാർഡ് എടുത്തവരുടെ എണ്ണം | 4494 |
| 2019-20 സാമ്പത്തിക വർഷം പദ്ധതിയുമായി സഹകരിച്ചവരുടെ എണ്ണം | 1498 |
| 2019-20 സാമ്പത്തികവർഷം തൊഴിൽ ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | 1498 |
| 100 ദിവസത്തേയ്ക്കുള്ള തൊഴിൽ ഒന്നിച്ച് ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | ഇല്ല |
| തൊഴിൽകാർഡ് ലഭിക്കാൻ 14 ദിവസത്തിലധികം താമസമുണ്ടായവ | ഇല്ല |
| 15 ദിവസത്തിനകം തൊഴിൽ നല്കാനാകാതെ തൊഴിൽരഹിതവേതനം നല്കേണ്ടി വന്നവ | ഇല്ല |
| ബാങ്ക് അക്കൗണ്ട് ഇല്ലാത്ത തൊഴിൽ കാർഡ് ഉടമകൾ | ഇല്ല |
| 14 ദിവസത്തേക്ക് ഒന്നിച്ച് തൊഴിൽ ഡിമാന്റ് ചെയ്തവർ | 1498 |
| ഗ്രാമപഞ്ചായത്തിലെ അയൽക്കൂട്ടങ്ങളുടെ എണ്ണം | 294 |
| തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം | 294 |
| ആവശ്യമായ തൊഴിൽദിനങ്ങൾ നിർദ്ദേശിച്ച അയൽക്കൂട്ടങ്ങൾ | 294 |
| പഞ്ചായത്തിലെ ആകെ വാർഡുകളുടെ എണ്ണം | 17 |
| ലേബർ ബഡ്ജറ്റ് തയ്യാറാക്കിയ ഗ്രാമസഭകളുടെ എണ്ണം | 17 |
| സോഷ്യൽ ഓഡിറ്റ് നടത്തിയ ഗ്രാമസഭകളുടെ എണ്ണം | 17 |
| ലേബർ ബജറ്റ് പ്രകാരം വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | 834 |
| സാങ്കേതിക അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം | 232 |
| തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 178 |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട ശരാശരി തൊഴിൽ ദിനങ്ങൾ | 62% |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം | 93781 |
| പരാതിരജിസ്റ്റർ പരിപാലനം | ഉണ്ട് |

| | |
|---|---|
| തൊഴിലാളികൾക്ക് ആവശ്യമായ അനുബന്ധ സൗകര്യങ്ങൾ | ഉണ്ട് |
| പരാതി പരിഹാര സംവിധാനത്തെ സംബന്ധിച്ച ബോർഡ് | ഉണ്ട് |
| അയൽക്കൂട്ടം, ഗ്രാമസഭ എന്നിവിടങ്ങളിൽ ചർച്ച ചെയ്യാതെ രൂപം കൊടുത്ത പദ്ധതികൾ | ഇല്ല |
| ആസ്തിരജിസ്റ്റർ | ഉണ്ട് |
| ലേബർ കംബോണന്റ് | 258.53 ലക്ഷം |
| മെറ്റീരിയൽ കംബോണന്റ് | 42.44 ലക്ഷം |
| ആകെ വരവ് | 31805211 |
| ആകെ ചെലവ് | 31231196 |

| തൊഴിൽദിനങ്ങൾ | തൊഴിൽകാർഡ് ഉടമകളുടെ എണ്ണം |
|---|---|
| 100 ദിനങ്ങൾ | 282 |
| 80-99 | 374 |
| 70-79 | 149 |
| 60-69 | 101 |
| 50-59 | 64 |
| 50 ൽ താഴെ | 595 |

## 1-7 റേഷൻകടകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 232 പ്രകാരം ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ, സിവിൽ സപ്ലൈസ് ഡയറക്ടറുടെ (സി.എസ്).എ9-764/2019 നമ്പർ കത്ത് പ്രകാരം റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ്, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ, വിളവൂർക്കൽ ഗ്രാമപഞ്ചായത്തിലെ റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ലെന്നും ലൈസൻസ് എടുക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഓഡിറ്റ് എൻക്വയറി 17/10.08.2021-ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കാനുള്ള തുടർനടപടികൾ കൈക്കൊള്ളേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 1-8 പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ- അപാകതകൾ

കേരള പഞ്ചായത്ത് രാജ് ആക്ട് 269 മുതൽ 271വരെയുള്ള നിയമങ്ങളുടേയും 1997ലെ കേരള പഞ്ചായത്ത് രാജ് സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ചട്ടങ്ങളുടേയും സർക്കുലർ നം.47724/ഡി.സി.1/11/എൽ.എസ്.ജി.ഡി, തീയതി 09.12.2012ന്റെയും അടിസ്ഥാനത്തിൽ സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷന അപേക്ഷിക്കുമ്പോൾ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.എന്നാൽ, ജെ.ഇ ആശുപത്രി എന്ന സ്ഥാപനം സമർപ്പിച്ച അപേക്ഷയിൽ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സാക്ഷ്യപത്രം ഉൾപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 18/10.08.2021-ന് ലഭ്യമാക്കിയ മറുപടിയിൽ പൊല്യൂഷൻ സർട്ടിഫിക്കറ്റ് വാങ്ങിയാണ് ലൈസൻസ് അനുവദിക്കാറുള്ളതെന്നും, ഈ സ്ഥാപനത്തിന്റെ പൊല്യൂഷൻ സർട്ടിഫിക്കറ്റിന്റെ കാലാവധി അവസാനിച്ച കാര്യം ശ്രദ്ധയിൽപ്പെടാതെയാണ് ലൈസൻസ് അനുവദിച്ചതെന്നും അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-9 പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ -എ.എഫ്.എസ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല

2019-2020 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക, പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ എന്നിവ തമ്മിൽ 140/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 38/13.08.2021-ന് ലഭ്യമാക്കിയ മറുപടി പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ഷീനമോൾ ജോസഫ് (ആസ്ലിക്സ് ഹെൽത്ത് കെയർ), രസീത് നമ്പർ 11940103141/02.07.2019 പ്രകാരം 2,405/- രൂപ അടവാക്കിയിട്ടുണ്ട്. ഇതിൽ 2,205/- രൂപ ലൈസൻസ് ഇനത്തിലേതും 200/- രൂപ രജിസ്ട്രേഷൻ ഇനത്തിലേതുമാണ്. എന്നാൽ, ഈ രജിസ്ട്രേഷൻ തുക സംബന്ധിച്ച വിവരങ്ങൾ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല.
2. രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള രസീത് നം. 119040101762/30.05.2019 പ്രകാരമുള്ള 50/- രൂപ Other Fee ഇനത്തിലാണ് ഈടാക്കിയിട്ടുള്ളത്. ആയതിനാലാണ് എ.എഫ്.എസ്-ൽ വ്യത്യാസം വന്നത്.

വരവ് ഇനങ്ങളുടെ രജിസ്റ്ററുകളുടെ പരിപാലനത്തിലും ആയതിന്റെ അക്കൗണ്ടിംഗിലും കൃത്യത ഉറപ്പാക്കേണ്ടതാണ്.

## 1-10 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 284760 | 306 |
| കർഷകതൊഴിലാളി പെൻഷൻ | 1090800 | 863 |
| വിധവാപെൻഷൻ | 4716600 | 3262 |
| വാർദ്ധക്യകാലപെൻഷൻ | 8201400 | 6564 |
| വികലാംഗപെൻഷൻ | 1319000 | 1066 |
| വിധവകളുടെ പെൺമക്കൾക്കുള്ളധനസഹായം | 570000 | 19 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 50400 | 37 |

## 1-11 ആസ്തി സംരക്ഷണം

പദ്ധതി മാർഗ്ഗരേഖ (സ.ഉ.(കൈ) നം.11/തസ്വഭവ, തീയതി 29.01.2019 ഖ 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനതു ഫണ്ടും ഉപയോഗപ്പെടുത്തി റോഡ് – റോഡിതരം ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപനമേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിൽ നാളിതുവരെ പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

സ്ഥാപനത്തിലെ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയെങ്കിലും വികസന ഫണ്ട് ഉപയോഗിച്ച് നാളിതുവരെ ആർജ്ജിച്ച ആസ്തികൾ പൂർണ്ണമായി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്ററിൽ പല ഭാഗങ്ങളിലും നിർമ്മാണ ചെലവ്, അവസാന മെയിന്റനൻസ് വിവരങ്ങൾ, കൂട്ടിച്ചേർക്കലുകൾ നടത്തിയതിന്റെ വിശദാംശങ്ങൾ മുതലായവ രേഖപ്പെടുത്തിയിട്ടില്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20.01.2017-ലെ ജി.ഒ(ആർ.ടി) 166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാനവൽ പ്രകാരം പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു അസറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റ് രൂപീകരിക്കേണ്ടതും ആസ്തികളുടെ വാർഷിക

വിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും അസറ്റ് മാനേജ്മെന്റ് പ്ലാനും തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധ വാർഷിക, വാർഷിക റിവ്യൂകൾ എന്നിവ നടത്തേണ്ടതാണ്. എന്നാൽ ഈ നടപടിക്രമങ്ങൾ നടത്തിയതിന്റെ യാതൊരു രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ആസ്തി സംരക്ഷണം എന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപെടുന്നതാണ്. ആയതിനാൽ ആസ്തികളുടെ മൂല്യം, അളവ്, പ്രദേശം, ആസ്തി ആർജ്ജിച്ച കാലയളവ് എന്നിവ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ സ്ഥാപനം സൂക്ഷിക്കേണ്ടതും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതിൽ ജാഗ്രത പുലർത്തേണ്ടതുമാണ്.

## 1-12 പ്രൊക്യൂർമെന്റ് കമ്മിറ്റി ചുമതലകൾ നിറവേറ്റുന്നില്ല

സ.ഉ (പി) നം 259/2010/ത.സ്വ.ഭ.വ തീ 08.11.10, 2013ലെ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 6.1 എന്നിവ പ്രകാരം വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ പ്രൊക്യൂർമെന്റ് കമ്മിറ്റി നടത്തേണ്ടതും ബാധകമായ നടപടിക്രമം അനുസരിച്ച് വാങ്ങേണ്ടതുമാണ്. എന്നാൽ സ്ഥാപനത്തിലെ പ്രസ്തുത കമ്മിറ്റിയുടെ രജിസ്റ്റർ പരിശോധിച്ചതിൽ ഇത്തരത്തിലുള്ളൊരു കണക്കെടുപ്പൊന്നും നടത്തിയിട്ടുള്ളതായി കാണുന്നില്ല.

വിവിധ വാങ്ങലുകൾക്കായി വിളിച്ചിട്ടുള്ള ടെണ്ടറുകൾ അംഗീകരിച്ച വിവരം മാത്രമാണ് രജിസ്റ്ററിലുള്ളത്. വാങ്ങൽ പദ്ധതിയുടെ തുക നിശ്ചയിക്കുക, അംഗീകാരവും ഫണ്ടുകളും ഉറപ്പാക്കുക, ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കുക, വാങ്ങുന്ന സാധനങ്ങളുടെ ഗുണനിലവാരപരിശോധന എന്നിവയെല്ലാം പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ചുമതലകളിൽപ്പെടുന്നവയാണ്.

പഞ്ചായത്തിന്റെ വികസനത്തിന് സഹായകരവും കർമ്മനിരതവുമായ ഒരു കമ്മിറ്റി രൂപീകരിക്കുന്നതിലേക്ക് ഭരണസമിതിയുടെ സത്വരശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 കിണർ റീ ചാർജ്ജിംഗ് പദ്ധതി -അപാകതകൾ.

| | |
|---|---|
| പ്രോജക്ട് നം. | 103/20. |
| പ്രോജക്ടിന്റെ പേര്. | കിണർ റീ ചാർജ്ജിംഗ്. |
| നിർവ്വഹണഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ. |
| അടങ്കൽ | 36000 (വികസനഫണ്ട്)<br>14400(ബ്ലോക്ക് വിഹിതം)<br>21600(ജില്ലാ പഞ്ചായത്ത് വിഹിതം)<br>8000(ഗുണഭോക്തൃവിഹിതം)<br>ആകെ-80000. |
| ചെലവ് | 21600(വികസനഫണ്ട്)<br>8640(ബ്ലോക്ക് വിഹിതം) |
| ബിൽ നം. /തീയതി. | 13/2019-20/1.02.20.<br>21600(വികസനഫണ്ട്) |
| ഓഡിറ്റ് എൻക്വയറി നം/ തീയതി. | 32/12.08.21. |

കൃഷി ഓഫീസർ നടപ്പിലാക്കിയ കിണർ റീ ചാർജ്ജിംഗ് പദ്ധതി നടത്തിപ്പിൽ കാണപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

സ.ഉ.(സാധാ)നം.2867/2018തസ്വഭവ തീയതി.8.11.2018പ്രകാരം കിണർ റീചാർജ്ജിംഗിന് പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ പരമാവധി തൊഴിലുറപ്പുപദ്ധതിയുമായി ബന്ധിപ്പിച്ചു നടപ്പാക്കേണ്ടതാണ്. അപ്രകാരമല്ലെങ്കിൽ ഡി.പി.സി. തെരഞ്ഞെടുക്കുന്ന അംഗീകൃത ഏജൻസികളെക്കൊണ്ട് പദ്ധതിപ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിയതിനുശേഷം ബന്ധപ്പെട്ട ഓവർസിയറുടേയോ എൻജിനീയറുടേയോ വിശദമായ വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തുക നൽകാവുന്നതാണ്. എന്നാൽ ഗുണഭോക്താക്കൾ സ്വന്തം നിലയ്ക്ക് പദ്ധതി നടപ്പിലാക്കിയതിനുശേഷം തുക കൈപ്പറ്റുകയാണ് ചെയ്തിട്ടുള്ളത്.

വിശദമായ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

ജില്ലാ പഞ്ചായത്ത് വിഹിതം ലഭിച്ചതിന്റെയും ഗുണഭോക്താക്കൾക്ക് തുക നൽകിയതിന്റെയും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. തുക ലഭിക്കേണ്ട ഗുണഭോക്താക്കളുടെ പേരുവിവരവും അക്കൌണ്ട് വിവരങ്ങളും അടങ്ങിയ ഒരു പത്രിക മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ ചെലവുപത്രിക പ്രകാരം ജില്ലാ പഞ്ചായത്തുവിഹിതമായി 12,960/- രൂപയുടെ ചെലവു വന്നിട്ടുണ്ട്. ആയതിനു വിശദീകരണം നൽകേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കു മറുപടി ലഭ്യമാക്കിയിട്ടില്ല.

പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖപ്രകാരമുള്ള നിർദ്ദേശങ്ങളിൽ നിന്നും വ്യതിചലിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 സ്ത്രീകൾക്ക് അടിസ്ഥാനയോഗ പരിശീലനം പദ്ധതി - തുക തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം. | 89/19-20. |
| പ്രോജക്റ്റിന്റെ പേര്. | വനിതകൾക്ക് അടിസ്ഥാനയോഗ പരിശീലനം- |
| നിർവ്വഹണഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| അടങ്കൽ | 105000(വികസനഫണ്ട്.,ധനകാര്യകമ്മീഷൻഗ്രാന്റ്.) |
| ചെലവ് | 52400(വികസനഫണ്ട്.)<br>6100(ധനകാര്യകമ്മീഷൻഗ്രാന്റ്.)<br>ആകെ--58500. |
| ബിൽ നം. /തീയതി. | 1) 3/19-20/1.02.20 -- 16400 (വി.ഫ)<br>2) 4/19-20/22.02.20-- 36000(വി.ഫ)<br>3) 5/19-20/20.03.20 – 6100(സി.എഫ്.സി.) |
| ഓഡിറ്റ് എൻക്വയറി നം/ തീയതി. | 13/ 10.08.21. |

പ്രോജക്റ്റ് നം. 89/19-20പ്രകാരം വനിതകൾക്ക് അടിസ്ഥാന യോഗപരിശീലനം പദ്ധതി നടത്തിപ്പിനുവേണ്ടി 58,500/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഏതൊക്കെ സെന്ററുകളിലാണ് യോഗപരിശീലനം നടത്തിയത് എന്നു വ്യക്തമല്ല. യഥാർത്ഥത്തിൽ ഓരോ ദിവസത്തേയും പരിശീലനപരിപാടിയിൽ പങ്കെടുത്ത വനിതകളുടെ ഹാജർവിവരങ്ങൾ, ഗുണഭോക്താക്കൾക്ക് പരിശീലനത്തിനുശേഷം സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തിരുന്നോ എന്നിങ്ങനെയുള്ള വിവരം ലഭ്യമാക്കിയിട്ടില്ല. ആയുഷ് വകുപ്പുമായി സഹകരിച്ചാണോ പദ്ധതി നടപ്പിലാക്കിയത് എന്നും വ്യക്തമല്ല.

കുമാരി സിന്ധു.എ. എന്ന പരിശീലകയുടെ അക്കൌണ്ടിലേക്കാണ് വികസനഫണ്ടിൽ നിന്നും പിൻവലിച്ചിട്ടുള്ള 52,400/- രൂപ നിക്ഷേപിച്ചിട്ടുള്ളത്. നോട്ടീസ്, സർട്ടിഫിക്കറ്റുകൾ, പോസ്റ്റർ, ഡിസൈനിംഗ് ചാർജസ് എന്നിവയ്ക്ക് വേണ്ടി ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും പിൻവലിച്ച 6,100/- രൂപ ചെലവഴിച്ചിരിക്കുന്നു. കുമാരി സിന്ധു.എ എന്ന വ്യക്തിയുടെ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല . യോഗ പരിശീലകരെ തെരഞ്ഞെടുക്കുന്നതിന് സ.ഉ.(സാധാ) നം.3190/2017/ തസ്വഭവ തീയതി. 03.10.2017 പ്രകാരമുള്ള മാനദണ്ഡങ്ങൾ ബാധകമാണ്. ഇതനുസരിച്ച് യോഗ പരിശീലകർക്ക് അംഗീകൃത സർവ്വകലാശാലകയിൽ നിന്നും BNYS ബിരുദമോ തത്തുല്യ യോഗ്യതയോ/ യോഗ അസോസിയേഷനും കേരളസ്പോർട്സ് കൌൺസിലും അംഗീകരിച്ച യോഗ്യതയോ ഉണ്ടായിരിക്കേണ്ടതാണ്. പദ്ധതിനടത്തിപ്പു സംബന്ധിച്ച് മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. ടി വിവരങ്ങൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയെങ്കിലും മേൽ സൂചിപ്പിച്ച രേഖകൾ ലഭ്യമാക്കാത്തതിനാൽ മറുപടി അംഗീകരിക്കുന്നില്ല. പ്രസ്തുത രേഖകൾ ലഭ്യമാക്കുന്നതുവരെ പ്രസ്തുത പദ്ധതിക്കായി നടത്തിയ 58,500/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-15 ആഭ്യന്തര നിയന്ത്രണത്തിലെ അപാകതകൾ

1. പഞ്ചായത്തിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട് എങ്കിലും പഞ്ചായത്തിന്റെ എല്ലാ ആസ്തികളും അതിൽ ഉൾപ്പെടുത്തിയിട്ടില്ല. പുതിയതായി സൃഷ്ടിക്കപ്പെട്ടിട്ടുള്ള ആസ്തികൾ അതിന്റെ യഥാർത്ഥ മൂല്യത്തോടെയും ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ചേർത്തിട്ടുണ്ടെന്ന് ഉറപ്പു വരുത്തിയിട്ടില്ല. ഉദാ: പഞ്ചായത്തിൽ പുതുതായി നിർമ്മിച്ചിട്ടുള്ള നാല് അംഗൻവാടികളുടെ വിവരങ്ങൾ.
2. സ്റ്റോക്ക് രജിസ്റ്ററിൽ വസ്തുക്കളുടെ മൂല്യം രേഖപ്പെടുത്തി സെക്രട്ടറി ഒപ്പുവച്ച് ആധികാരികമാക്കിയിട്ടില്ല. ഇലക്ട്രിക് വസ്തുക്കളുടെ സ്റ്റോക്ക് രജിസ്റ്ററിൽ 2018-19 വർഷാവസാനം നീക്കിയിരിപ്പുള്ള ഉപകരണങ്ങൾ 2019-20ലേയ്ക്ക് ക്യാരി ഓവർ ചെയ്തിട്ടില്ല.
3. ഫ്രണ്ട് ഓഫീസ് ഡയറി, പരാതി രജിസ്റ്റർ എന്നിവ പഞ്ചായത്തിൽ സൂക്ഷിക്കുന്നുണ്ട്.
4. നിർവ്വഹണ ഉദ്യോഗസ്ഥൻമാർ അവരുടെ പദ്ധതി ഫയലുകളിൽ മോണിട്ടറിംഗ് റിപ്പോർട്ട് സൂക്ഷിക്കുന്നില്ല. ഓരോ പദ്ധതി നടത്തിപ്പിനു ശേഷവും പദ്ധതി ഫലപ്രാപ്തിയിൽ എത്തിയോ എന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മോണിട്ടർ ചെയ്ത്, യോഗം കൂടി മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥനു നൽകേണ്ടതാണ്.

ഗ്രാമസഭാ മിനിട്സുകൾ എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും പലതിലും ഗുണഭോക്താക്കളുടെ പേരുകൾ ഗ്രാമസഭയ്ക്കു ശേഷം എഴുതിച്ചേർക്കാവുന്ന രീതിയിൽ ക്രമനമ്പർ ഇട്ടുകൊണ്ട് സ്ഥലം ഒഴിവാക്കിയിരിക്കുന്നതായി കാണുന്നു. ഇത് ശരിയല്ല. ഗ്രാമസഭ/ വാർഡ് സഭാ യോഗത്തിനുശേഷം വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്ന് നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ഭരണസമിതിക്ക് സമർപ്പിക്കേണ്ടതാണ്.

ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്തു കമ്മിറ്റിയും വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളും ഉദ്യോഗസ്ഥരും ഒത്തൊരുമിച്ച് സ്വീകരിക്കേണ്ടതാണ്.

## 1-16 അനിവാര്യ ചുമതലകൾ

(A) ലൈബ്രറിയുടെ പ്രവർത്തനം സുഗമമാക്കിയിട്ടില്ല.

വിളവൂർക്കൽ ഗ്രാമപഞ്ചായത്ത് ഈഴക്കോട് സാംസ്കാരിക നിലയം ഗ്രന്ഥശാലയിൽ 2007-2008ലാണ് ഏറ്റവും അവസാനമായി പുസ്തകങ്ങൾ വാങ്ങി നൽകിയിട്ടുള്ളത്. ഗ്രന്ഥശാലയുടെ സുഗമമായ പ്രവർത്തനത്തിനു വേണ്ടി അടിയന്തിരമായി ലൈബ്രറിയിലേയ്ക്ക് പുസ്തകങ്ങൾ വാങ്ങി നൽകുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അംഗങ്ങൾ അംഗത്വഫീസ് ഒടുക്കുന്നില്ല. പ്രവർത്തനം വളരെ മന്ദീഭവിച്ചു കിടക്കുന്ന ലൈബ്രറിയുടെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(B)മാലിന്യ സംസ്കരണം

പഞ്ചായത്തിലെ 17 വാർഡുകളിലായി 19 മിനി എം.സി.എഫുകൾ സ്ഥാപിച്ചിട്ടുണ്ട്. ബാക്കിയുള്ള 15എണ്ണം പണി പൂർത്തിയാകുന്ന മുറയ്ക്ക് അടിയന്തിരമായി സ്ഥാപിക്കുന്നതാണ് എന്ന് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.25/10.08.2021)ക്കു ലഭ്യമാക്കിയ മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഹരിതകർമ്മസേനയുടെ പ്രവർത്തനം തൃപ്തികരമാണ്.

പഞ്ചായത്തു പ്രസിഡന്റിന്റേയും സെക്രട്ടറിയുടേയും പേരിൽ ദുരിതാശ്വാസനിധി ആരംഭിച്ചിട്ടുണ്ട്. പഞ്ചായത്ത് പ്രവർത്തനങ്ങൾ പൊതുവായി അവലോകനം ചെയ്തതിൽ നിന്നും സ്ഥാപനം അനിവാര്യ ചുമതലകൾ തൃപ്തിരകരമായി നിർവ്വഹിക്കുന്നുണ്ടെന്നും കാണുന്നു.

## 1-17 മരുന്നുകൾ സ്റ്റോക്കിൽ രേഖപ്പെടുത്തുന്നതിൽ അപാകത

പദ്ധതി നമ്പർ- 96/2019

പദ്ധതിയുടെ പേര് - പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ

അങ്കൽ തുക - 3,00,000/-

ചെലവ് തുക -3,00,000/-

CANDIDERMA CREAM 15 GM മരുന്ന് ബിൽ നമ്പർ 5300/2019-20, 14.12.2019 പ്രകാരം 35 എണ്ണം 2340.16 രൂപയ്ക്ക് ഡ്രഗ്ഗ്ഹൗസിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ 15 എണ്ണം മാത്രമേ രേഖപ്പെടുത്തിയിരുന്നുള്ളൂ. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (34 /2021, 12.08.2021) മറുപടിയായി 15 എണ്ണം മാത്രമേ സ്റ്റോക്കിൽ എടുത്തുള്ളൂ എന്ന് അറിയിച്ചിട്ടുണ്ട്. ശേഷിക്കുന്നവയുടെ വിവരവും സ്ഥാപനത്തിൽ ലഭ്യമല്ല. അതിനാൽ കുറവുള്ള 20 എണ്ണത്തിന്റെ വിലയായ 1337/- രൂ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. ഫാർമസിസ്റ്റ് സ്റ്റോക്കിൽ രേഖപ്പെടുത്തുന്ന മരുന്നുകളുടെ വിവരങ്ങൾ മെഡിക്കൽ ഓഫീസർ പരിശോധിക്കുകയോ, സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. ഇത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുള്ള വീഴ്ചയാണ്.

## 1-18 പരിശോധനയ്ക്ക് സഹായമാകും വിധം പദ്ധതികളുടെ ഫയലുകൾ ഹാജരാക്കിയിരുന്നില്ല - 1109065/- രൂ തടസ്സപ്പെടുത്തുന്നു

മെഡിക്കൽ ഓഫീസർ ചുവടെ വിവരിക്കുന്ന പദ്ധതികളുടെ ചെലവുരേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| പദ്ധതിയുടെ പേര് | അടങ്കൽ തുക | ചെലവ് തുക |
|---|---|---|
| പാലിയേറ്റീവ് കെയർ | 7,00,000 | 4,44,065 |
| പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് പ്രോജക്ടർ വാങ്ങൽ | 40,00,00 | 40,00,00 |
| അന്യസംസ്ഥാന തൊഴിലാളികൾക്ക് ഹെൽത്ത് കാർഡ് | 35,000 | 35,000 |
| ആർദ്രം പദ്ധതിയുടെ ഭാഗമായി നിയമിക്കുന്ന ഡോക്ടർക്കും, നഴ്സിനും ശമ്പളം നൽകുന്നതിനുള്ള പദ്ധതി | 3,48,000 | 1,57,000 |
| പാലിയേറ്റീവ് കെയർ - ആംബുലൻസ് മെയിന്റനൻസും, ഡ്രൈവറുടെ വേതനവും | 50,000 | 48,000 |
| ആശാ വർക്കേഴ്സിന് യൂണിഫോം | 25,000 | 25,000 |

ഓഡിറ്റ് വേളയിൽ മെഡിക്കൽ ഓഫീസർ പരിശോധനയ്ക്ക് സഹായമാകും വിധം പദ്ധതികളുടെ ഫയലുകൾ ഹാജരാക്കിയിരുന്നില്ല. പല പ്രാവശ്യം ആവശ്യപ്പെടുകയും ഓഡിറ്റ് അന്വേഷണം 34/2021 വഴി രേഖാമൂലവും ആവശ്യപ്പെട്ടുവെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥൻ ഓഡിറ്റുമായി സഹകരിച്ചില്ല. അതിനാൽ മേൽ വിവരിച്ച പദ്ധതികൾ പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ പദ്ധതികളുടെ ചെലവ് തുകകൾ തടസ്സപ്പെടുത്തുന്നു.

## 1-19 കാലഹരണ തീയതി കഴിഞ്ഞതിനു ശേഷവും മരുന്നുകൾ വിതരണം ചെയ്തു

പദ്ധതി നമ്പർ-117/20

പദ്ധതിയുടെ പേര് - മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ

അടങ്കൽ തുക - 3,00,000/-

ചെലവ് തുക - 3,00,000/-

ബിൽ നമ്പർ, തീയതി - 3/29.11.2019

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

പരിശോധനയ്ക്ക് ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം നീതി മെഡിക്കൽസിൽ നിന്നും വാങ്ങിയ ചുവടെ പറയുന്ന മരുന്നുകൾ കാലഹരണ തീയതി കഴിഞ്ഞതിനു ശേഷവും വിതരണം ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | മരുന്നിന്റെ പേര് | ബിൽ നമ്പർ/ തീയതി | കാലഹരണ തീയതി | വിതരണം ചെയ്ത തീയതി |
|---|---|---|---|---|
| 1 | RANLOC INJ | 3094/16.10.2019 | 09/2020 | 23.12.2020 |
| 2 | EMENORM INJ | 3094/16.10.2019 | 06/2020 | 10.11.2020 |
| 3 | DOXYPET 100 | 3094/16.10.2019 | 04/2020 | 18.05.2020 |

കാലഹരണ തീയതി കഴിഞ്ഞ മരുന്നുകൾ വിതരണം ചെയ്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (07/2021, 09.08.20 21) മറുപടിയായി നോട്ട പിശക് മൂലം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയതിൽ സംഭവിച്ച പിഴവായാണ് അറിയിച്ചത്. മരുന്നുകൾ കാലഹരണ തീയതിക്ക് മുൻപ് തന്നെ വിതരണം ചെയ്തിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതായിരുന്നു. ജീവന് തന്നെ അപകടമായേക്കാവുന്ന ഇത്തരം കാര്യങ്ങളിൽ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-20 കെട്ടിട നികുതി കുടിശ്ശിക രൂപ 9,89,267/- രൂപ

വിളവൂർക്കൽ ഗ്രാമ പഞ്ചായത്തിൽ ചുവടെ വിവരിക്കുന്ന വാർഡുകളിൽ നിന്നും 2019-2020 വർഷം കെട്ടിട നികുതിയിനത്തിൽ ലഭിക്കേണ്ട തുകയുടെ വിവരം സഞ്ചയ രേഖ പ്രകാരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് | കുടിശ്ശിക തുക |
|---|---|---|
| 1 | 1 | 1,14,546/- |
| 2 | 2 | 54,598/- |
| 3 | 3 | 1,37,976/- |
| 4 | 4 | 90,164/- |
| 5 | 5 | 99,742/- |
| 6 | 6 | 73,752/- |
| 7 | 7 | 58,704/- |
| 8 | 8 | 60,722/- |

| | | |
|---|---|---|
| 9 | 9 | 78,225/- |
| 10 | 10 | 38,809/- |
| 11 | 11 | ഇല്ല. |
| 12 | 12 | 53,843/- |
| 13 | 13 | ഇല്ല. |
| 14 | 14 | 36,087/- |
| 15 | 15 | 9,259/- |
| 16 | 16 | 34,147/- |
| 17 | 17 | 48,693/- |
| | ആകെ | 9,89,267/- |

വിളവൂർക്കൽ ഗ്രാമ പഞ്ചായത്തിൽ കെട്ടിട നികുതി കുടിശ്ശികയിനത്തിൽ 9,89,267/- രൂപ കിട്ടാനുണ്ട്. ആകെയുള്ള 17 വാർഡിൽ രണ്ട് വാർഡുകളിൽ നിന്ന് മാത്രമാണ് (വാർഡ് - 11, വാർഡ് - 13 ) പൂർണ്ണമായി കെട്ടിട നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി (19/2021, 10.08 2021) കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങളിൽ ഒന്നായ കെട്ടിട നികുതി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ എത്രയും വേഗം പൂർത്തീകരിക്കേണ്ടതാണ്.

## 1-21 നിക്ഷേപ പ്രവൃത്തി -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് നമ്പർ - 152/20 കുരിശ്ശുമുട്ടം പള്ളിവിള റോഡ് ലൈൻ എക്സ്റ്റൻഷൻ

പദ്ധതി അടങ്കൽ – 32,410/- (വികസന ഫണ്ട് എസ്.സി.പി)

പദ്ധതി ചെലവ് – 32,410/-

ബിൽ നമ്പർ – 5/6.9.2019
നിർവ്വഹണ ഉദ്യോഗസ്ഥ- അസിസ്റ്റന്റ് സെക്രട്ടറി

കുരിശ്ശുമുട്ടം പള്ളിവിള റോഡ് ലൈൻ എക്സ്റ്റൻഷനായി 32,410/-രൂപ കെ.എസ്.ഇ.ബി. പേയാട് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് കെ.എസ്.ഇ.ബി യുമായി ഏർപ്പെട്ടിട്ടുള്ള കരാറിൽ പൂർത്തീകരിക്കേണ്ട കാലാവധി രേഖപ്പെടുത്തിയിട്ടില്ല. പദ്ധതി പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ഫയലിൽ നിന്നും ലഭ്യമായിട്ടില്ല. ഓഡിറ്റ് എൻക്വയറി 20 നുള്ള മറുപടിയായി പദ്ധതി പൂർത്തീകരിച്ചതായി അറിയിട്ടിട്ടുണ്ട്.
സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ “പോസ്റ്റ് സ്ഥാപിച്ച് വൈദ്യുതിലൈൻ എക്സ്റ്റൻഷൻ” എന്ന പദ്ധതി മുഖേനയും വൈദ്യുതിബോർഡിന് 2,67,040/-രൂപ ചുവടെപ്പറയും പ്രകാരം ഡെപ്പോസിറ്റായി ഒടുക്കിയിട്ടുണ്ട്.

| ബിൽ നം/തീയതി | തുക | |
|---|---|---|
| 18/7.9.19 | 99799 | KSEB പേയാട് |
| 19/28.09.19 | 118294 | KSEB മലയിൻകീഴ് |
| 24/16.10.19 | 31043 | KSEB മലയിൻകീഴ് |
| 26/24.10.19 | 17904 | KSEB നേമം |

പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കി എന്ന് ഉറപ്പ് വരുത്തേണ്ടതും വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-22 ആശ്രയ പുരോഗതി വിലയിരുത്തേണ്ടതാണ്

1. പ്രോജക്ട് നമ്പർ- 122/2020

പദ്ധതി അടങ്കൽ -5,00,000/- (വികസന ഫണ്ട്)

പദ്ധതി ചെലവ് -5,00,000/-

ബിൽ നമ്പർ 7/4.10.19

നിർവ്വഹണ ഉദ്യോഗസ്ഥ- അസിസ്റ്റന്റ് സെക്രട്ടറി

23.3.2018 ലെ അഗതി രഹിത കേരള സ്പെഷ്യൽ ഗ്രാമസഭയുടെ മിനിട്സ് പ്രകാരം 306 പേരെയാണ് ആശ്രയ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുള്ളത്. ഭരണസമിതിയുടെ 29.9.2018 ലെ 1.2 തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ള 297 ഗുണഭോക്താക്കൾക്കാണ് 2019-20 ൽ ആനുകൂല്യം നൽകിയിട്ടുള്ളത്. ഗുണഭോക്താക്കൾക്ക് സി.ഡി.എസ് മുഖാന്തിരം ഭക്ഷ്യകിറ്റ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ ഭൂരഹിത ഭവനരഹിതരായുള്ളവർ, ഭവനരഹിതർ, ഭവനപുനരുദ്ധാരണം ആവശ്യമായവർ, ശുചിത്വ കക്കൂസ് ഇല്ലാത്ത കുടുംബങ്ങൾ എന്നീ മാനദണ്ഡങ്ങൾ പ്രകാരം ആശ്രയ ലിസ്റ്റിൽ ഉൾപെട്ടവർക്ക് 2017-18 കാലയളവ് മുതലുള്ള ഗ്രാമ പഞ്ചായത്തിന്റെ വിവിധ പദ്ധതികൾ പ്രകാരം ആനുകൂല്യം ലഭിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല. (ഓഡിറ്റ് എൻക്വയറി 24). ആശ്രയ പദ്ധതി വിലയിരുത്തുന്നതിനായി ഗ്രാമപഞ്ചായത്ത് തലത്തിൽ രൂപീകരിച്ച ഉപസമിതിയുടെ വിവരങ്ങൾ, ഉപസമിതി കൂടിയിട്ടുള്ളതിന്റെ വിശദാംശങ്ങൾ, ആശ്രയ പുരോഗതി റിപ്പോർട്ട് ഭരണസമിതിക്ക് സമർപ്പിച്ചതിന്റെ വിശദാംശങ്ങൾ എന്നിവ ഓഡിറ്റ് എൻക്വയറി 24 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയിട്ടില്ല. സി.ഡി എസ് തലത്തിൽ മോണിറ്ററിംഗ് നടത്തിവരുന്നതായി അറിയിച്ചിട്ടുണ്ട്. ആയതിനാൽ ആശ്രയ പദ്ധതി പ്രകാരം നാളിതുവരെ കൈവരിച്ച പ്രയോജനം ഗ്രാമപഞ്ചായത്ത് തലത്തിൽ പരിശോധിച്ചിട്ടില്ലാത്തതായി ഓഡിറ്റ് വിലയിരുത്തുന്നു. ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക് ഭക്ഷ്യകിറ്റ് വിതരണം ചെയ്യുന്നതിനോടൊപ്പം അവരുടെ മറ്റു പ്രശ്നങ്ങളും പരിഹരിക്കപ്പെടേണ്ടതുണ്ട്. വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി അവർക്ക് വേണ്ട പിന്തുണനൽകേണ്ടതാണ്. ആശ്രയപദ്ധതി പുരോഗതി വിലയിരുത്തേണ്ടതാണ്.ഈ വിഷയത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധ പതിയേണ്ടതാണ്.

## 1-23 അംഗൻ വാടികളുടെ അടിസ്ഥാന സൗകര്യം അപര്യാപ്തം

ഗ്രാമപഞ്ചായത്തിൽ 30 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ അടിസ്ഥാന സൗകര്യങ്ങൾ, വാടക,കമ്മിറ്റി രൂപീകരണം എന്നിവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 5നുള്ള മറുപടിയിൽ ചുവടെ ചേർക്കും പ്രകാരം മറുപടി ഹാജരാക്കിയിരിക്കുന്നു.

### 1.23-1 അടിസ്ഥാന സൗകര്യം അപര്യാപ്തം

02.06.2017 ലെ സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ ഖണ്ഡിക 3.2.1,3.2.2, 3.2.3,3.4.2.,3.4.3. എന്നിവ അനുശാസിക്കും പ്രകാരമുള്ള സൗകര്യങ്ങൾ ഇല്ലാത്തവയുടെ വിവരങ്ങൾ .

| ക്രമ നം. | അപാകം | എണ്ണം |
|---|---|---|
| 1 | സ്വന്തമായി കെട്ടിടം ഇല്ലാത്തവ | 16 |
| 2 | വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 12 |
| 3 | ചുറ്റുമതിൽ ഇല്ലാത്തവ | 4 |
| 4 | ഓട്ടോമാറ്റിക് ഗേറ്റ് ഇല്ലാത്തവ | 30 (ഒന്നിലും ഇല്ല) |
| 5 | റോഡിന് സമീപത്ത് അല്ലാത്തവ | 1 |
| 6 | കളിസ്ഥലം ഇല്ലാത്തവ | 4 |
| 7 | മൂന്നു മുറിയെങ്കിലും ഇല്ലാത്തവ | 10 |
| 8 | ഭിന്നശേഷിക്കാർക്കായി റാമ്പ് ഇല്ലാത്തവ | 30 |
| 9 | ശിശു സൗഹൃദ പെയിന്റിംഗ് ഇല്ലാത്തവ | 19 |
| 10 | ശിശു സൗഹൃദ ശുചിമുറി ഇല്ലാത്തവ | 30 |
| 11 | സൂപ്പർവൈസറുടെ ഫോൺനമ്പറോടുകൂടിയ നെയിം ബോർഡില്ലാത്തവ | 30 |
| 12 | വാട്ടർ പ്യൂരിഫൈയർ ഇല്ലാത്തവ | 30 |
| 13 | ആവശ്യമായ ഫർണിച്ചർ | 1(ഇട്ടപ്പോട്ടുകോണം) |

| | | |
|---|---|---|
| | ഇല്ലാത്തവ | |
| 14 | കുടിവെള്ള സൗകര്യം, ജലസംഭരണി എന്നിവ ഇല്ലാത്തവ | 1(തുടുപ്പോട്ടുകോണം) |
| 15 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്തവ | 30 |

അപാകതകൾ പരിഹരിക്കുന്നതിനു ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1.23.2.കോ ഓർഡിനേഷൻ കമ്മിറ്റി രൂപവത്ക്കരിക്കേണ്ടതാണ്.

02.06.2017 ലെ സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ ഖണ്ഡിക 3.3.3.I പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ഐ സി ഡി എസ് സൂപ്പർവൈസർ കൺവീനറായും ഗ്രാമപഞ്ചായത്ത് സെക്രട്ടറി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), ഹെഡ്മാസ്റ്റർ (ജി.എൽ.പി.എസ്), ഒരു അങ്കണവാടി വർക്കർ, വി.ഇ.ഒ, കൃഷി ഓഫീസർ എന്നിവർ അംഗങ്ങളായും ഗ്രാമപഞ്ചായത്തുതല ഐ.സി.ഡി.എസ് കോർഡിനേഷൻ കമ്മിറ്റി രൂപവത്ക്കരിക്കേണ്ടതുണ്ട്. ഈ കമ്മിറ്റി രണ്ട് മാസത്തിലൊരിക്കൽ യോഗം ചേർന്ന് അങ്കണവാടികളുടെ പ്രവർത്തനത്തിന്റെ അവലോകനവും മേൽനോട്ടവും നിർവ്വഹിക്കേണ്ടതാണ്.

എന്നാൽ ഇത്തരത്തിൽ യോഗം ചേർന്നിട്ടില്ലായെന്നും ഭാവിയിൽ ആയതു നടപ്പിലാക്കാമെന്നും അറിയിച്ചിരിക്കുന്നു.

1.23.3. കിണർ,ജലസംഭരണി എന്നിവ വൃത്തിയാക്കേണ്ടതാണ്.

02.06.2017 ലെ സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ ഖണ്ഡിക 3.2.3 Xi. F,Gഎന്നിവ പ്രകാരം വർഷത്തിലൊരിക്കൽ കിണർ വൃത്തിയാക്കാനും മാസത്തിലൊരിക്കൽ ജലസംഭരണി വൃത്തിയാക്കാനും നിർദേശമുണ്ട്.എന്നാൽ കിണർ എല്ലാ വർഷവും വൃത്തിയാക്കുകയും ജലസംഭരണി മാസത്തിലൊരിക്കൽ വൃത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

1.23.4 അംഗൻവാടി വർക്കർമാരിൽ നിന്നും അധിക വാടക ഈടാക്കുന്നു.

പഞ്ചായത്തിൽ 12 അംഗൻവാടികൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്. സാമൂഹിക ക്ഷേമ വകുപ്പിൽ നിന്നും വാടകയിനത്തിൽ 750/-രൂപ (2019-20)അനുവദിക്കുന്നുണ്ട്. (നിലവിൽ 1000/-രൂപയാണ്). ബാക്കി തുക അംഗൻവാടി വർക്കർമാർ അവരുടെ കൈയ്യിൽ നിന്നുമാണ് നൽകുന്നത് എന്ന് നിർവഹണ ഉദ്യോഗസ്ഥ നൽകിയ മറുപടിയിൽ നിന്നും വ്യക്തമാകുന്നു. പദ്ധതി ചെലവിൽ ഉൾപ്പെടുത്തി പ്രസ്തുത തുക ചെലവാക്കുന്നതിന് പകരം അംഗൻവാടി ജീവനക്കാരിൽ നിന്നും അധിക വാടക അടവാക്കിയത് തികച്ചും അനുചിതമായ നടപടിയാണ്. മേൽ അപാകത ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും പ്രത്യേകം ചർച്ച് ചെയ്ത് പരിഹാരം കണ്ടെത്തി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അംഗൻവാടികൾക്ക് അധിക വാടക നൽകുന്നതിനായി പദ്ധതി വിഭാവനം ചെയ്തുവെങ്കിലും ആയതു നടപ്പിലാക്കിയിട്ടില്ല. ആയതു സംബന്ധിച്ച് വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | അംഗൻവാടിയുടെ പേര്/ നം | മാസ വാടക | അധികമായി വർക്കർമാരിൽ നിന്നും നൽകുന്ന വാടക(2019-20) | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | കുണ്ടമൺഭാകഗം (116) | 1000/- | 250/- | അധിക വാടക നൽകേണ്ടതില്ല. |
| 2 | പുതുവീട്ടുമേലേ (120) | 800/- | - | നിലവിൽ 2000/- രൂപയാണ്. 1200/- രൂപ അധികമായി നൽകുന്നു. |
| 3 | ചാത്രക്കടവ്(121) | 1500/- | 500/- | |
| 4 | പനങ്ങോട് (123) | 1200/- | 200/- | നിലവിൽ |

| | | | | |
|---|---|---|---|---|
| | | | | 1500/- രൂപയാണ്. 500/- രൂപ അധികമായി നൽകുന്നു. |
| 5 | ചിറക്കോണം (125) | 1850/- | 850/- | നിലവിൽ 1750/- രൂപയാണ്. 750/- രൂപ അധികമായി നൽകുന്നു |
| 6 | കരിയറവിള (131) | 1000/- | 250/- | അധിക വാടക നൽകേണ്ടതില്ല. |
| 7 | മരിച്ചീനിവിള (133) | 1000/- | -- | നിലവിൽ 1500/- രൂപയാണ്. 500/- രൂപ അധികമായി നൽകുന്നു |
| 8 | വേമ്പടത്തേരി (136) | 1200/- | 200/- | നിലവിൽ 1500/- രൂപയാണ്. 500/- രൂപ അധികമായി നൽകുന്നു |
| 9 | വേങ്കൂർ (138) | 1500/- | 500/- | |
| 10 | വഴുത്തോട്ടുവിള (140) | 750/- | -- | നിലവിൽ 1500/- രൂപയാണ്. 500/- രൂപ അധികമായി നൽകുന്നു |

വാടക വർക്കർമാരിൽ നിന്നും ഈടാക്കുന്ന പ്രവണത അംഗീകരിക്കാൻ കഴിയില്ല. പ്രസ്തുത ചെലവിനായി പദ്ധതി രൂപീകരണം നടത്തേണ്ടതാണ്.

1.23.5സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല.

ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ സ്റ്റോക്ക് വിതരണ രജിസ്റ്ററും 15അംഗൻവാടി വർക്കർമാരുടെ ഭക്ഷ്യസാധാനങ്ങൾ സ്റ്റോക്കിലെടുത്ത രജിസ്റ്ററും പരിശോധിച്ചതിൽ വ്യത്യാസം കണ്ടെത്തുന്നുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | അംഗൻവാടി നം | സ്റ്റോക്ക് ഇനം (മാസം) | ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം | അംഗൻവാടി വർക്കർമാരുടെസ്റ്റോക്ക് രജിസ്റ്റർ പ്രകാരം |
|---|---|---|---|---|
| 1 | 120 | കപ്പലണ്ടി (2019 ജൂലൈ) | 10 Kg | -- |
| | | കുവരക് (2019 ജൂലൈ) | 2 Kg | -- |
| | | THRS | 24.500 Kg | 17.500Kg |

| | | | | |
|---|---|---|---|---|
| | | (2019 സെപ്റ്റംബർ) | (7 ഗുണഭോക്താക്കൾ) | (5 ഗുണഭോക്താക്കൾ) |
| | | THRS (2019 നവംബർ) | 28.000 Kg (8 ഗുണഭോക്താക്കൾ) | 17.500Kg (5 ഗുണഭോക്താക്കൾ) |
| 2 | 123 | കുവരക് (2019 ജൂലൈ) | 3 Kg | -- |
| 3 | 124 | കുവരക് (2019 ജൂലൈ) | 2 Kg | -- |
| | | THRS (2020ഫെബ്രുവരി) | 24.500 Kg (7 ഗുണഭോക്താക്കൾ) | 17.500Kg (5 ഗുണഭോക്താക്കൾ) |
| 4 | 128 | കുവരക് (2019 ജൂലൈ) | 2 Kg | -- |
| 5 | 131 | അരി (2019 ഏപ്രിൽ) | 10 Kg | -- |
| | | കുവരക് (2019 ജൂലൈ) | 2 Kg | -- |
| | | അരി (2020മാർച്ച്) | 20 Kg | 15 Kg |
| 6 | 133 | THRS (2019 ഏപ്രിൽ) | 70.000 Kg (20 ഗുണഭോക്താക്കൾ) | 35.000Kg (10 ഗുണഭോക്താക്കൾ) |
| | | THRS (2019 ഒക്ടോബർ) | 17.500 Kg (5ഗുണഭോക്താക്കൾ) | 35.000Kg (10 ഗുണഭോക്താക്കൾ) |
| 7 | 134 | THRS (2019 ഏപ്രിൽ) | 49.000Kg (14ഗുണഭോക്താക്കൾ) | 35.000Kg (10 ഗുണഭോക്താക്കൾ) |
| 8 | 140 | അരി (2019 ജൂൺ) | 50 Kg | 25 Kg |
| 9 | 143 | THRS (2019 ഏപ്രിൽ) | 49.000Kg (14ഗുണഭോക്താക്കൾ) | 35.000Kg (7 ഗുണഭോക്താക്കൾ) |
| | | അരി (2019 ഏപ്രിൽ) | 20 Kg | 25 Kg |
| | | പയർ (2019 ജൂലൈ) | 20Kg | 25 Kg |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 11 നുള്ള മറുപടിയിൽ പിഴവു സംഭവിച്ചതാണെന്ന് അറിയിച്ചിരിക്കുന്നു. കൂടാതെ സ്റ്റോക്ക് വിതരണ തീയതിയും സ്റ്റോക്ക് എടുക്കുന്ന തീയതിയുമായും പൊരുത്തമില്ല.സ്റ്റോക്ക് നൽകുന്ന ദിവസം തന്നെ രജിസ്റ്ററിൽ രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

വർക്കാർമാരുടെയും സൂപ്പർവൈസറുടെയും സ്റ്റോക്കുകൾ തമ്മിൽ പൊരുത്തപ്പെട്ട് പോകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 ഭവനപുനരുദ്ധാരണം - ആനുകൂല്യം നൽകൽ – സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്

വി.ഇ.ഒ നിർവ്വഹണം നടത്തിയ ഭവനപുനരുദ്ധാരണം പദ്ധതിയുടെ അക്വിറ്റൻസ് രജിസ്റ്റർ പ്രകാരം പദ്ധതിക്കായി 2018-19 ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 103 പേരിൽ 20 പേർക്കാണ് ആനുകൂല്യം ലഭിച്ചത്. ഇതേ പദ്ധതിയിൽ 2019-20 ൽ 96 ഗുണഭോക്താക്കളിൽ 20 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. 2018-19 ലെ ഗുണഭോക്തൃ ലിസ്റ്റ് പ്രകാരമുള്ള

മുഴവൻ പേർക്കും ആനുകൂല്യം നൽകിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് മുഖാന്തിരവും ഈ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. 2018-19 ഗുണഭോക്തൃ പട്ടിക പ്രകാരം ആനുകൂല്യം ലഭിക്കാത്ത ഗുണഭോക്താക്കളുടെ എണ്ണം ലഭ്യമാക്കിയിട്ടില്ല. 29.01.2018 ലെ സർക്കാർ ഉത്തരവ് നമ്പർ 11/2018/തസ്വഭവ ഖണ്ഡിക 11 പ്രകാരം അംഗീകരിച്ച ഗുണഭോക്തൃപട്ടികയിലെ മുഴവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം നല്കിയശേഷം മാത്രമേ പുതിയ പട്ടിക തയ്യാറാക്കാൻ പാടുള്ളൂ. സമാന സ്വഭാവമുള്ള പദ്ധതികൾ തുടർച്ചയായ വർഷങ്ങളിൽ നടപ്പാക്കുന്നുണ്ടെങ്കിൽ ആദ്യം അംഗീകരിച്ച ഗുണഭോക്തൃപട്ടികയിൽ നിന്ന് ആനുകൂല്യം നല്കേണ്ടതാണ്. അതിനുശേഷം മാത്രമേ ഗുണഭോക്താക്കളെ പുതിയ പട്ടികയിൽ നിന്ന് എടുക്കാൻ പാടുള്ളൂ. ഓഡിറ്റ് എൻക്വയറി 12 നുള്ള മറുപടിയിൽ ഓരോ വർഷവും പുതിയ ഗുണഭോക്തൃലിസ്റ്റ് അനുസരിച്ചാണ് ആനുകൂല്യം നൽകി വരുന്നതെന്നറിയിച്ചിട്ടുണ്ട് . സർക്കാർ നിർദ്ദേശ പ്രകാരം ആനുകൂല്യം നൽകുവാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-25 എസ്.എൽ.ഐ. പ്രീമിയം ഈടാക്കിയതിൽ കുറവ്

ജി.ഒ.(പി) 556/2008/ധന/16.12.2008, ചട്ടം 22 കെ.എസ് ആർ 1എന്നിവ പ്രകാരം സംസ്ഥാന സർവ്വീസിൽ പ്രവേശിക്കുന്ന 50 വയസ്സ് കഴിയാത്ത ഉദ്യോഗസ്ഥർ ഒരു മാസത്തിനുള്ളിൽ സർക്കാർ യഥാകാലം നിശ്ചയിക്കുന്ന നിരക്കിൽ സംസ്ഥാന ലൈഫ്
ഇൻഷ്വറൻസ് പോളിസി എടുക്കേണ്ടതാണ്. എന്നാൽ ആയത് നാളിതുവരെ നടപ്പായിട്ടില്ല.
2019-20 വർഷത്തെ വൗച്ചറുകൾ പരിശോധിച്ചതിൽ ചുവടെപ്പറയുന്ന ജീവനക്കാരുടെ പോളിസി തുക കുറവായാണ് ഒടുക്കിയിട്ടുള്ളത്.

| ക്രമ നം | പേര്/ഉദ്യോഗപ്പേര് | അടിസ്ഥാനശമ്പളം | ഈടാക്കിയ തുക | ഈടാക്കേണ്ട തുക |
|---|---|---|---|---|
| 1 | ശ്രീമതി ലേഖ ഡി എസ് അസിസ്റ്റന്റ് സെക്രട്ടറി | 43600 | 150 | 500 |
| 2 | ശ്രീ ഗണേഷ് ആർ ഹെഡ് ക്ളാർക്ക് | 34800 | 150 | 300 |
| 3 | ശ്രീ ശ്രീജിത് യു ക്ളർക്ക് | 250 | 25200 | 300 |
| 4 | ശ്രീ സുരേഷ് കുമാർ ഓഫീസ് അറ്റൻഡന്റ് | 25850 | 100 | 300 |

അതാതു കാലങ്ങളിലുള്ള സർക്കാർ ഉത്തരവുകളിലെ നിരക്കുകൾ അനുസരിച്ച് പോളിസി തുക ഒടുക്കു വരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 തെരുവുവിളക്ക് മെയിന്റനൻസ് പദ്ധതി നടത്തിപ്പിലെ അപാകതകൾ

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി എല്ലാ വർഷങ്ങളിലും പഞ്ചായത്ത് നടത്തിപ്പോരുന്ന ഒരു പ്രോജക്ടാണ് തെരുവുവിളക്ക് മെയിന്റനൻസ്. എന്നാൽ പ്രസ്തുത പദ്ധതിയുടെ രേഖകളൊന്നും സുതാര്യമല്ല.
പദ്ധതിക്കായി ചമച്ചിട്ടുള്ള കരാർ പ്രകാരം അറ്റകുറ്റപണി നടത്തേണ്ട ലൈറ്റുകളുടെ പോസ്റ്റ് നമ്പരും ലൊക്കേഷനും ഉൾപ്പടെയുള്ള വിവരങ്ങൾ സ്ഥാപനം ലഭ്യമാക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് പണി നടത്തേണ്ടത്. പ്രസ്തുത ലിസ്റ്റ് കരാറുകാരൻ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ള പരാതി രജിസ്റ്ററുമായി ഒത്തുനോക്കണമെന്നും പറയുന്നു. ഇത്തരത്തിലൊരു ലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. പണി ചെയ്തതായി കാണിച്ചിട്ടുള്ളവ പരാതി രജിസ്റ്ററിലും ഉൾപ്പെടുന്നില്ല. കരാറുകാരന് സൈറ്റിൽ നേരിട്ട് ലഭിക്കുന്ന പരാതികളും മെമ്പർമാരുടെ നിർദ്ദേശപ്രകാരം പരിഹരിക്കുന്നതായാണ് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ്
എൻക്വയറിക്ക് മറുപടി നൽകിയിട്ടുള്ളത്.
പണികൾ നടത്തുന്നതിനുള്ള ഉപകരണങ്ങൾ കരാറുകാരൻ പഞ്ചായത്തിൽ നിന്നും നേരിട്ട് വാങ്ങി ഉപയോഗിക്കണമെന്ന് കരാറിൽ വ്യവസ്ഥയുണ്ട്. പരാതികളുടെ എണ്ണം പോലും നിശ്ചിതമല്ലാത്ത അവസ്ഥയിൽ കരാറുകാരന് കൈമാറുന്ന ഉപകരണങ്ങളുടെ അളവിൽ വ്യക്തതയില്ല.
പണി പൂർത്തീകരിച്ച ശേഷം "Balance Materials In My Stock" എന്ന ഒരു ലിസ്റ്റ് കരാറകാരൻ ഓരോ തവണയും

ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ആയവ സ്ഥാപനത്തിൽ തിരികെ സ്റ്റോക്കിലെടുത്തതായി സ്റ്റോക്ക് രജിസ്റ്ററിലോ ഫയലിലോ ഒരു രേഖയുമില്ല.

വൻതുകകൾ ഉൾപ്പെടുന്നതും തുടർച്ചയായി നിർവ്വഹിക്കേണ്ടി വരുന്നതുമായ ഒരു പ്രോജക്ടെന്ന നിലയിൽ പ്രസ്തുത പദ്ധതിക്കുള്ള കരാർ വ്യവസ്ഥകൾ അറ്റകുറ്റപണിക്കുള്ള നിരക്കുകൾ ഉൾപ്പടെ വ്യക്തമായി ചമയ്ക്കേണ്ടതും മോണിറ്ററിംഗ് നടപടികൾ ശക്തിപ്പെടുത്തേണ്ടതുമാണ്.

## 1-27 ലാപ്ടോപ്പ് വാങ്ങൽ - ചെലവ് തുക ബിൽ തുകയുമായി പൊരുത്തപ്പെടുന്നില്ല

പ്രോജക്ട് നമ്പർ – 121/20 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്

പദ്ധതി അടങ്കൽ – 2,10,000/-(വി.ഫ .എസ്.സി.പി)

പദ്ധതി ചെലവ് – 1,58,921/-

ബിൽ നമ്പർ – 15/19.3.20

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

പദ്ധതി പ്രകാരം കെൽട്രോണിൽ നിന്നുള്ള ഇൻവോയിസ് നമ്പർ 14193/21.1.20 ന്റെ അടിസ്ഥാനത്തിൽ 1,58,921/- രൂപ പിൻവലിച്ച് കേരള ഐ.റ്റി മിഷന് നൽകിയിട്ടുണ്ട്. എന്നാൽ ബിൽ തുക 1,52,810/ - രൂപയാണ് (ഇ.വെ ബിൽ പ്രകാരം) അപാകത ഓഡിറ്റ് എൻക്വയറി 20 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. . ലാപ്ടോപ്പ് 2020-21 സാമ്പത്തിക വർഷത്തിലാണ് ലഭിച്ചത്. 15.6.20 ന് നിർവ്വഹണ ഉദ്യോഗസ്ഥ ചാർജ്ജ് വിട്ടതായും അതിനുശേഷമാണ് ലാപ്ടോപ്പ് ലഭിച്ചതെന്നും അറിയിച്ചിട്ടുണ്ട്. ബിൽ തുകയിലെ വ്യത്യാസം പൊരുത്തപ്പെടുത്തേണ്ടതാണ്. അധികമായി നൽകിയ തുക കെൽട്രോണിൽ നിന്നും തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-28 ഹരിതകർമ്മസേനക്ക് നൽകിയ രസീത് ബുക്കുകൾ ഗ്രാമ പഞ്ചായത്തിന്റെ സ്റ്റോക്കിൽ ഉൾപ്പെടേണ്ടതും വിതരണ ശേഷം തിരികെ വാങ്ങി സൂക്ഷിക്കേണ്ടതുമാണ്.

പ്രോജക്ട് നമ്പർ 171/20 മെറ്റീരിയൽ റിക്കവറി ഫസിലിറ്റി സെന്റർ

പദ്ധതി അടങ്കൽ – 5,00,000/-

പദ്ധതി ചെലവ് – 7,625/-

ബിൽ നമ്പർ – 14/17.3.20

നിർവ്വഹണ ഉദ്യോഗസ്ഥ - അസിസ്റ്റന്റ് സെക്രട്ടറി

മെറ്റീരിയൽ റിക്കവറി ഫെസിലിറ്റേഷൻ സെന്ററിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് 2019-20 സാമ്പത്തിക വർഷം 7,625/- രൂപ ചെലവഴിച്ച് 61 രസീത് ബുക്കുകൾ വാങ്ങിയിട്ടുണ്ട്. പ്രസ്തുത രസീതുകൾ ഗ്രാമപഞ്ചായത്തിന്റെ രസീത് ബുക്കുകളുടെ സ്റ്റോക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഹരിതകർമ്മസേനയുടെ രജിസ്റ്റർ പ്രകാരം രസീതുകൾ ഹരിത കർമ്മസേനാംഗങ്ങൾക്ക് നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഉപയോഗശേഷം തിരികെ ലഭിച്ച രസീതുകളുടെ എണ്ണം, ബാലൻസ് സ്റ്റോക്ക് എന്നീ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. കേരള ട്രഷറി കോഡ് വാല്യം 1-ആർട്ടിക്കിൾ 90(ബി) പ്രകാരം രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ പുസ്തകം ഉപയോഗിക്കുവാൻ തുടങ്ങിയ തീയതി, ഉപയോഗം പൂർത്തീകരിച്ച തീയതി എന്നിവ രേഖപ്പെടുത്തേണ്ടതാണ്. അപാകതക്ക് മറുപടിയായി സാമ്പത്തിക വർഷാവസാനമാണ് ഹരിതകർമ്മസേന പ്രവർത്തനം ആരംഭിച്ചതെന്നറിയിച്ചിട്ടുണ്ട്. കൂടാതെ രസീത് പ്രകാരം സ്വീകരിക്കുന്ന യൂസർഫീ വിളപ്പിൽ സർവ്വീസ് സഹകണ ബാങ്കിൽ നിക്ഷേപിച്ചുവരുന്നതായും അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ പേരിൽ പിരിക്കുന്ന രസീതുബുക്കുകൾ ശരിയായ രീതിയിൽ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതും ഉപയോഗിച്ച രസീത് ബുക്കുകൾ തിരികെ വാങ്ങി സൂക്ഷിക്കേണ്ടതും രസീത് പ്രകാരം പിരിച്ച തുകകൾ പരിശോധിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ഭരണാധികാരികൾ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-29 ജെന്റർ റിസോഴ്സ് സെന്റർ - പദ്ധതി പ്രകാരമുള്ള തുക സി.ഡി.എസ് ചെയർപേഴ്സന്റെ വ്യക്തിഗത അക്കൗണ്ടിലേക്ക് നൽകി .

പ്രോജക്ട് നമ്പർ – 142/20 ജെന്റർ റിസോഴ്സ് സെന്റര്

പദ്ധതി അടങ്കൽ – 50,000/- (തനത് ഫണ്ട് )

പദ്ധതി ചെലവ് – 7,285/-

ബിൽ നമ്പർ – 259991/30.3.20

നിർവ്വഹണ ഉദ്യോഗസ്ഥ- അസിസ്റ്റന്റ് സെക്രട്ടറി

പദ്ധതി പ്രകാരം തുക പിൻവലിച്ച് സി.ഡി.എസ് ചെയർപേഴ്സന്റെ വ്യക്തിഗത അക്കൗണ്ടിലാണ് തുക നൽകിയിട്ടുള്ളത്. ചെലവുരേഖകളായി സി.ഡി.എസ് വൗച്ചറും, കരുണ കുടുംബശ്രീയിൽ നിന്നുള്ള ബില്ലും (6,785/-)ക്ലോത്ത് പ്രിന്റിംഗ് ബില്ലുമാണ് (500/-) ലഭ്യമാക്കിയിട്ടുള്ളത്. പരിശീലനം സംബന്ധിച്ച വിശദാംശങ്ങൾ (എവിടെ വച്ചാണ് പരിശീലനം നടത്തിയത്, ആരാണ് പരിശീലനം നൽകിയത്, ഏത് വിഷയത്തിലാണ് പരിശീലനം) ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി 20 നുള്ള മറുപടിയിൽ 14.6.2019 ൽ നടത്തിയ വിജിലന്റ് ഗ്രൂപ്പ് ട്രെയിനിംഗിനായാണ് തുക അനുവദിച്ചതെന്നും ഭക്ഷണം ഇനത്തിൽ ചെലവായ തുക സി.ഡി.എസ് ചെയർപേഴ്സൺ നേരിട്ട് നൽകിയതിനാലാണ് ടിയാളുടെ വ്യക്തിഗത അക്കൗണ്ടിൽ നൽകിയതെന്നറിയിച്ചിട്ടുണ്ട്. 26.7.2019 ലെ ICDSNM(A)203/2019 പ്രകാരം വെറ്റിംഗ് നടത്തിയതാണ് ഈ പദ്ധതി . പദ്ധതി പ്രകാരമുള്ള ട്രെയിനിംഗ് വെറ്റിംഗിന് മുൻപ് നടപ്പിലാക്കുകയാണുണ്ടായത്. കൂടാതെ പദ്ധതിക്കുള്ള പണം തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് കാലതാമസവും നേരിട്ടിട്ടുണ്ട്. കുടുംബശ്രീ ക്ക് അക്കൗണ്ട് ഉണ്ടായിരിക്കെ തുക സി.ഡി.എസ് ചെയർപേഴ്സൺ നേരിട്ട് നൽകി എന്ന വിശദീകരണം അംഗീകരിക്കത്തക്കതല്ല.കുടുംബശ്രീയുടെ സേവനത്തിനുള്ള തുക കുടുംബശ്രീയുടെ അക്കൗണ്ടിലേക്കാണ് നൽകേണ്ടിയിരുന്നത്. കൂടാതെ സി.ഡി.എസിന് തനത് ഫണ്ട് അക്കൗണ്ട് മുഖാന്തിരം കുടുംബശ്രീക്ക് തുക നൽകാമെന്നിരിക്കെ സി.ഡി.എസ് ചെയർപേഴ്സൺ നേരിട്ട് നൽകിയ നടപടി ഒഴിവാക്കപ്പെടേണ്ടതായിരുന്നു. ജി.ഒ(പി) നം 177/2006/ഫിൻ തീയതി 12.4.2006 പ്രകാരം ആയിരം രൂപയ്ക്ക് മുകളിലുള്ള തുകകൾ അക്കൗണ്ട് മുഖാന്തിരമാണ് നൽകേണ്ടത്. ഇത്തരം അപാകതകൾ ഭാവിയിൽ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

## <u>1-30 പദ്ധതി രൂപീകരണ ഫോറത്തിൽ നിർവ്വഹണരീതി, പദ്ധതി പ്രയോജനം ലഭിക്കുന്ന ഗുണഭോക്താക്കളുടെ വിവരം ,എന്നിവ ഉൾപ്പെടുത്തേണ്ടതാണ്</u>

പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ) നം 11/2018 തീയതി 29.1.018 പ്രകാരം (3.5) പദ്ധതി രൂപീകരണ ഫോറത്തിൽ പദ്ധതി നിർവ്വഹണ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച താഴെ പറയുന്ന പദ്ധതികളിൽ നിർവ്വഹണ രീതി, പദ്ധതി മുഖേന പ്രയോജനം ലഭിക്കുന്ന ഗുണഭോക്താക്കളുടെ വിവരങ്ങൾ തുടങ്ങിയ രേഖപ്പെടുത്തലുകൾ പൂർണമല്ല.

എ)ഓണം ക്രിസ്മസ് വിപണനമേള

പ്രോജക്ട് നമ്പർ-279/20

പദ്ധതി അടങ്കൽ – 50,000/-(തനത് ഫണ്ട് )

പദ്ധതി ചെലവ് – 50,000/-

ചെക്ക് നമ്പർ – 295675/11.12.19

2259360/30.3.20

കുടുംബശ്രീ സംഘങ്ങളിൽ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള പദ്ധതിയാണിത്. ഓണം ക്രിസ്മസ് വിപണനമേളക്കായി (സെപ്റ്റംബർ 6,7,8 ,ഡിസംബർ23,24) 50,000/- രൂപ സി.ഡി.എസിന് നൽകിയിട്ടുണ്ട്. ഫയൽ പ്രകാരം സിഡി.എസ്സിൽ നിന്നുള്ള വൗച്ചറുകളും ബില്ലുകളും ലഭ്യമാക്കിയിട്ടുണ്ട്. വൗച്ചറുകളിലും ബില്ലുകളിലും തീയതി രേഖപ്പെടുത്തിയിട്ടില്ല . മൈക്ക് സെറ്റിനായി 15,000/- രൂപയുടെയും സ്റ്റാൾ ചെയ്യുന്നതിനായി 32,000/- രൂപയുടെയും ക്ലോത്ത് പ്രിന്റിംഗ് 1,000/- രൂപയുടെയും കൂടാതെ കുടുംബശ്രീക്ക് ഭക്ഷണത്തിനായി തുക നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തെ തെരഞ്ഞെടുത്തിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. പദ്ധതി പ്രകാരം തുക പിൻവലിച്ച് സി.ഡി.എസ് അക്കൗണ്ടിൽ നിക്ഷേപിക്കുകയാണുണ്ടായത് . പദ്ധതി രൂപീകരണ ഫോറത്തിൽ പ്രയോജനം ലഭിക്കുന്ന ഗുണഭോക്താക്കളുടെ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഏതൊക്കെ ഗ്രൂപ്പുകൾക്കാണ് പദ്ധതി പ്രകാരം പ്രയോജനം ലഭിച്ചതെന്ന് വ്യക്തമല്ല. പദ്ധതി മോണിറ്ററിംഗ് നടത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. അപാകതകൾ ഓഡിറ്റ് എൻക്വയറി 24 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥനെ അറിയിച്ചിട്ടുണ്ട്. ലഭ്യമാക്കിയ മറുപടി പ്രകാരം തുക നൽകിയ സ്ഥാപനങ്ങൾക്ക് ജി.എസ്.റ്റി രജിസ്ട്രേഷൻ വിവരങ്ങൾ ഇല്ല എന്നറിയിച്ചിട്ടുണ്ട്. പദ്ധതി ഗുണം പ്രത്യേകിച്ച് കുടുംബശ്രീക്ക് അല്ല ലഭിക്കുന്നതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചെങ്കിലും ആർക്കാണ് പ്രയോജനം ലഭിച്ചതെന്നറിയിച്ചിട്ടില്ല. ചെലവ് രേഖകൾ ആധികാരികമാക്കേണ്ടതും ബില്ലുകളുടെയും വൗച്ചറുകളുടെയും കൃത്യത ഉറപ്പാക്കുകയും ചെയ്യേണ്ട ചുമതല നിർവ്വഹണ ഉദ്യോഗസ്ഥയ്ക്കാണ്. വർക്കിംഗ് ഗ്രൂപ്പ് കൺവീനർ എന്ന നിലയിൽ പദ്ധതി രൂപീകരണ ഫോറത്തിൽ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

ബി)പാഥേയം 148/20

പദ്ധതി അടങ്കൽ – 16,99,200/- ( വി.ഫ 679680/-, ജില്ലാ പഞ്ചായത്ത് 1019520/-)

പദ്ധതി ചെലവ് – 6,79,680/-

ബിൽ നമ്പർ 8/4.10.19 (354280/-)
3/26.8.19 (325400/-)

ICDS NM(A) 159/2019 Dtd 8.7.19 ആയി അംഗീകാരം ലഭിച്ച ഈ പദ്ധതി രൂപീകരണഫോറത്തിൽ ഗ്രാമപഞ്ചായത്ത് തുക എപ്രകാരമാണ് ചെലവഴിക്കുന്നതെന്ന് രേഖപ്പെടുത്തിയിട്ടില്ല. ജില്ലാ പഞ്ചായത്തിന്റെ പാഥേയം പദ്ധതി എന്നാണ് പദ്ധതി രൂപീകരമണ ഫോറത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ നിർവ്വഹണരീതി ഫോറത്തിൽ വിശദമായി രേഖപ്പെടുത്തിയിട്ടില്ല. ജില്ലാ പഞ്ചായത്ത് വഴി നടപ്പിലാക്കുന്ന ഈ പദ്ധതി ഗ്രാമപഞ്ചായത്ത് തലത്തിൽ സി.ഡി.എസ് മുഖാന്തിരം നിർവ്വഹിക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല. സംയുക്ത പദ്ധതിയായി സുലേഖ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയിരിക്കുന്ന ഈ പദ്ധതിയിൽ ജില്ലാ പഞ്ചായത്തിൽ നിന്നുള്ള ചെലവ് വിവരം ഉൾപ്പെടുന്നില്ല. എന്നാൽ സി.ഡി.എസ് ലഭ്യമാക്കിയ ഫയൽ പരിശോധിച്ചത് പ്രകാരം 4,59,648/-രൂപ (295488+164160) ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്. പാഥേയം പദ്ധതിക്കായി സി.ഡി.എസ് ലഭ്യമാക്കിയ വൗച്ചറുകൾ പ്രകാരം മായ. ഒ, പവിത്രി, ബിന്ദു എന്നീ വ്യക്തികളുടെ അക്കൗണ്ടിലേക്കാണ് തുക നൽകിയിരിക്കുന്നത്. സി.ഡി.എസ് ചെയർപേഴ്സൺ ഭക്ഷണം നൽകുന്നതിനായി ഈ മൂന്ന് വ്യക്തികളുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. പദ്ധതി പ്രകാരം കുടുംബശ്രീ നൽകേണ്ട സേവനത്തിന് വ്യക്തിഗത അക്കൗണ്ടിൽ തുക നൽകിയതിന് കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 40 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി പ്രകാരം കുടുംബശ്രീ മുഖാന്തിരമാണ് പൊതിച്ചോർ നൽകുന്നതെന്നിരിക്കെ പദ്ധതി തുക വ്യക്തിഗത അക്കൗണ്ടിൽ നൽകിയത് ശരിയായ നടപടിയല്ല. പദ്ധതി രൂപീകരണ ഫോറത്തിൽ നിർവ്വഹണ രീതി വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

## 1-31 ഗുണഭോക്താക്കളുടെ. തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പ്രോജക്ട് `ശാരീരിക വൈകല്യമുള്ളവർക്ക് പെട്ടിക്കട ` പദ്ധതി പ്രകാരം 2 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ക്രമ നമ്പർ 1,3 പ്രകാരമുള്ള ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. ക്രമ നമ്പർ 2 പ്രകാരമുള്ള ഗുണഭോക്താവിന് ആനുകൂല്യം നൽകാത്തത് ടിയാൾ തിരുവനന്തപുരം നഗരസഭ സ്വദേശിയായതിനാലാണെന്ന് ഓഡിറ്റ് എൻക്വയറി 12 ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. 29.01.2018 ലെ സർക്കാർ ഉത്തരവ് നമ്പർ 11/2018/തസ്വഭവ പ്രകാരം അർഹരായ എല്ലാവരിലും നിന്ന് അപേക്ഷ സ്വീകരിച്ച് അപേക്ഷകളിൽ മുൻഗണനാ മാനദണ്ഡങ്ങൾ പ്രകാരം മാർക്കിട്ട് കരട് ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുകയും ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ അർഹതയും മുൻഗണനയും രണ്ട് ഉദ്യോഗസ്ഥർ ഫീൽഡ് ലെവൽ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുകയും പരിശോധനയുടെയും സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിൽ കരട് ലിസ്റ്റ് പുതുക്കുകയും വേണം. അപ്രകാരം പുതുക്കുന്ന ലിസ്റ്റ് പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങൾ സ്വീകരിക്കുന്നതിനായി പത്ത് ദിവസത്തെ സമയം നല്കണം.ആക്ഷേപങ്ങൾ സ്വീകരിച്ച് പരിഷ്കരിച്ച കരട് ലിസ്റ്റ് അപേക്ഷകൾ സഹിതം ഗ്രാമസഭയിൽ അവതരിപ്പിച്ച് ചർച്ച ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ അന്തിമ ലിസ്റ്റ് തയ്യാറാക്കി ഗ്രാമസഭ മിനിറ്റ്സിൽ ചേർക്കുകയും വേണം. ഈ നടപടിക്രമങ്ങൾ ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടില്ല. ഇത്തരത്തിലുള്ള നടപടിക്രമങ്ങൾ പാലിച്ചിരുന്നുവെങ്കിൽ ഗുണഭോക്തൃ ലിസ്റ്റിൽ അനർഹർ കടന്നുവരുന്ന സാഹചര്യം ഒഴിവാക്കാമായിരുന്നു. ഗ്രാമ പഞ്ചായത്തിന്റെ ഗുണഭോക്തൃ ലിസ്റ്റിൽ അനർഹർ കടന്നുകൂടുന്ന പ്രവണത ഒഴിവാക്കുവാൻ സ്റ്റാന്റിംഗ് കമ്മിറ്റി തലത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-32 സ്വന്തമായി വീടുണ്ടായിരിക്കെ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടു

ലൈഫ് ഗുണഭോക്തൃ പട്ടികയിൽ (രണ്ടാം ഘട്ടത്തിൽ) ഉൾപ്പെട്ട ശ്രീമതി ലീല.സി. എന്ന ഗുണഭോക്താവിന് ലൈഫ് ഭവനപദ്ധതിയിൽ 16/37 എ നമ്പർ വീടാണ് ലഭിച്ചിട്ടുള്ളത്. ടി വ്യക്തിയുടെ പേരിൽ 16/37 നമ്പർ വീടുള്ളതായി സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അപാകത ഓഡിറ്റ് എൻക്വയറി 12 പ്രകാരം ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും അത്തരത്തിൽ സഞ്ചയയിൽ വീടില്ലാത്തതായി തെറ്റായ മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. സഞ്ചയ പ്രകാരം ശ്രീ മണിയൻ, ശ്രീമതി. ലീല എന്നിവരുടെ പേരിൽ 16/37 നമ്പർ വീടുള്ളതായും, ശ്രീമതി സിന്ധു, ശ്രീമതി ലീല എന്നിവരുടെ പേരിൽ 16/37 A നമ്പർ വീടുള്ളതായും രേഖപ്പെടുത്തലുണ്ട്. ശ്രീ.മണിയൻ, ശ്രീമതി ലീല, ശ്രീമതി സിന്ധു എന്നിവർ ഒരേ റേഷൻകാർഡിൽ ഉൾപ്പെട്ടവരാണ്. 16/37 നമ്പർ കെട്ടിടത്തിന് 50 വർഷത്തിലധികം കാലപഴക്കം ഉള്ളതായും സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിലവിലെ സ്ഥിതി പരിശോധിച്ച് അടിയന്തിരമായി റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-33 ലൈഫ് ഭവന പദ്ധതി - പൂർത്തിയായ ഭവനങ്ങൾക്ക് കെട്ടിടനമ്പർ നൽകുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ലൈഫ് ഭവനപദ്ധതി പ്രകാരം എഗ്രിമെന്റ് വച്ചിട്ടുള്ളതിൽ ഒരു ഗുണഭോക്താവ് ഒഴികെ 140 ഗുണഭോക്താക്കൾ ഭവനങ്ങൾ പൂർത്തീകരിച്ചതായി നിർവ്വഹണ ഉദ്യോഗസ്ഥർ അറിയിച്ചിട്ടുണ്ട് (2018-19 ഓഡിറ്റ് റിപ്പോർട്ട് പ്രകാരം പരാമർശമുണ്ട്). ലഭ്യമാക്കിയ 141 അപേക്ഷകളിൽ 35 എണ്ണം പരിശോധിച്ചത് പ്രകാരം ഈ അപേക്ഷകളിൽ 34 എണ്ണം വീടുകൾക്ക് കെട്ടിട നമ്പർ നൽകിയിട്ടുണ്ട്. ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ട 140 ഗുണഭോക്താക്കളും വീട്

നിർമ്മാണം പൂർത്തീകരിച്ചതായും പൂർത്തീകരണ സാക്ഷ്യപത്രം നൽകിയിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 5 പ്രകാരം എല്ലാ കെട്ടിടങ്ങൾക്കും അടിസ്ഥാന വസ്തു നികുതി കണക്കാക്കേണ്ടതാണ്. വസ്തു നികുതിയിൽ നിന്നും ഒഴിവാകുന്ന കെട്ടിടങ്ങളാണെങ്കിൽ പോലും അതിന്റെ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുണ്ട്. ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ കെട്ടിടങ്ങളുടെയും വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ലൈഫ് ഭവനപദ്ധതി പ്രകാരം ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതും കെട്ടിടനമ്പർ നൽകാത്തതുമായ ഭവനങ്ങൾക്ക് കെട്ടിട നമ്പർ നൽകുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണാധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-34 മറ്റ് ഓഡിറ്റുകളുടെ തുടർനടപടികൾ

ഏറ്റവും അവസാനം നടത്തിയ ഓഡിറ്റുകളുടെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | | 2015-16 മുതൽ 2019-20 വരെ | |
| പെർഫോമൻസ് ഓഡിറ്റ് | 19.12.2019 | 2019 ഒക്ടോബർ, നവംബർ | 2020 ജനുവരി |

2015-16 മുതൽ 2019-20 വരെയുള്ള കാലയളവിലെ അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് ആദ്യ മറുപടി സമർപ്പിച്ചതിനെ തുടർന്ന് 3,9,11 എന്നീ ഖണ്ഡികകൾ ഒഴിവാക്കി നൽകിയിട്ടുണ്ട്. ബാക്കി വരുന്ന ഖണ്ഡികകൾ നിലനിൽക്കുന്നു. അവയിലെ തടസ്സവാദം ഒഴിവാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.
നവംബർ 2019വരെയുള്ള കാലയളവിലെ പെർഫോമൻസ് ഓഡിറ്റാണ് ഏറ്റവും അവസാനം നടന്നിട്ടുള്ളത്. ഇതിൽ ഓഡിറ്റ് തടസ്സങ്ങളില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## 3-1 വാറ്റ് ഇനത്തിൽ കുറവ് ചെയ്യേണ്ട തുക കുറവ് ചെയ്യാതെ തുക അനുവദിച്ചതിലൂടെ കൺവീനർക്ക് അധിക ആനുകൂല്യം നല്കി-നഷ്ടം143803/-രൂപ

സർക്കാർ ഉത്തരവ് (പി)നം30/2016ധന. തീയതി 29/02/2016 പ്രകാരം ഗുണഭോക്തൃസമിതി നിർവഹിക്കുന്ന മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ 7.5% ഓവർഹെഡ് ചാർജ് അനുവദിക്കാമെന്നും എന്നാൽ വർക്ക്ബില്ലുകളിൽ നിന്നും ഈടാക്കുന്ന അനുവദനീയമായ നികുതികൾ ഗുണഭോക്തൃസമിതി തന്നെ വഹിക്കണമെന്നും വ്യക്തമാക്കുന്നുണ്ട്.

മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ 7.5% ഓവർഹെഡ് ചാർജ് കൂടെ ഉൾപ്പെട്ട നിരക്കാണ് PRICE Software ൽ വിഭാവനം ചെയ്തിരിക്കുന്നത്.ഈ സമയത്ത് 5% VAT ആണ് നിലവിലുണ്ടായിരുന്നത്.01.01.2017മുതൽ VAT പകരം GST വന്നതിനാൽ 5% VAT ഒടുക്കേണ്ടതില്ല. ആയതിനാൽ VAT നിലവിലില്ലാത്ത സാഹചര്യത്തിലും കൺവീനർമാർ

ജി.എസ്.റ്റി.ഒടുക്കു വരുത്താത്ത സാഹചര്യത്തിലും 5% തുക കുറവ് ചെയ്ത് ബില്ല് നൽകിയാൽ മതിയാവുന്നതാണെന്നും ഉത്തരവ് നം.ഡിബി 9058/17സി.ഇ/ത.സ്വ.ഭ.വ. തീയതി 16.03.2018 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ ചുവടെ ചേർക്കുന്ന പദ്ധതികളിൽ അത്തരത്തിൽ 5% GST ഈടാക്കാതെ ബിൽ തുക അനുവദിച്ചിട്ടുണ്ട്. പ്രവർത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ നം/ പേര് | കൺവീനർ | അടങ്കൽ | ചെലവ് | ഈടാക്കേണ്ട GST (5%) |
|---|---|---|---|---|---|
| 1 | 194/19-20<br>മങ്കാട് ഇടവഴി ഇന്റർലോക്ക് | പ്രകാശ്.എ | 35000/- | 33002/- | 1650/- |
| 2 | 262/19-20<br>മല്ലൻ തമ്പുരാൻ ക്ഷേത്രം റോഡ് സൈഡ് വാൾ നിർമാണം | ബേബി കാണി. | 50000/- | 49572/- | 2479/- |
| 3 | 204/19-20<br>130-ാംനമ്പർ അംഗൻവാടി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ | ഫ്രീഡാ സുമജം | 100000/- | 98791/- | 4940/- |
| 4 | 173/19-20<br>143-ാം നമ്പർ അംഗൻവാടി ചുറ്റുമതിൽ നിർമാണം | ആശ.സി.ആർ | 300000/- | 299892/- | 14995/- |
| 5 | 259/19-20<br>ഈഴക്കോട് സെന്റ് ഫ്രാൻസിസ് സ്കൂൾ ടോയിലറ്റ് നിർമാണം | മായാ.കെ.ആർ | 700000/- | 699917/- | 34996/- |
| 6 | 252/20<br>145-ാം നമ്പർ അംഗൻവാടി കെട്ടിട നിർമാണം | അജിത.എസ് | 1000000/- | 994861/- | 49743/- |
| 7 | 248/20<br>അംഗൻവാടി കെട്ടിട നിർമാണം | വിജയമ്മ.ആർ | 1000000/- | 700000/- | 35000/- |

VAT നിലവില്ലാത്ത സാഹചര്യത്തിൽ 5% തുക കുറവ് ചെയ്തു ബിൽ നൽകിയാൽ മതിയാകുമെന്ന് ഉത്തരവ് നിലനിൽക്കുന്ന സാഹചര്യത്തിൽ ടി അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.23 നുള്ള മറുപടിയിൽ കൺവീനർ വർക്കിൽ GST ഈടാക്കേണ്ടാത്തതിന്റെ നിയമപരമായ ആനുകൂല്യം മാത്രമേ വിശദീകരിച്ചിട്ടുള്ളൂ. 2017ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 5% തുക ബില്ലിൽ കുറവ് ചെയ്യാത്തതിന്റെ

സാധൂകരണം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ആകെ ഇനത്തിൽ 1,43,803/-രൂപ നഷ്ടം സംഭവിച്ചതായി വിലയിരുത്തുന്നു. നഷ്ടതുകയായ 1,43,803/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

### 4-1 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് ഉൾപ്പെടെ ഓഡിറ്റ് വർഷത്തെ ആകെ വരവ് | 105272957.95 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 81403589.00 |
| വരവിനങ്ങളിലുള്ള നഷ്ടം | --- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,43,803.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 14,67,015.00 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 6590/- | ശ്രീമതി.വിജുമോൾ, അസി.എഞ്ചിനീയർ ബത് ലഹേം,ചെമ്പകശ്ശേരി നഗർ കേശവദാസപുരം |
| | 137213/- | ജയപ്രകാശ് എസ്.പി. അസി.എഞ്ചിനീയർ സത്യമംഗലം, മണ്ണാമൂല പേരൂർക്കട. |

(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 58500 | ഡോ. എസ്. പ്രമോദ്, മെഡിക്കൽ ഓഫീസർ,ആയുർവേദം ലക്ഷ്മി വിലാസം, കാരമൂട്, വെള്ളറട. പി.ഒ. |
| 1-18 | 1109065 | ഡോ. മാലിനി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി സാവര്യ, വി.പി.31/1817, സൂര്യ ഹൗസ് നമ്പർ 7, മണ്ണാമൂല. |
| 1-21 | 32410 | ശ്രീമതി. ലേഖ. ഡി.എസ്, അസി.സെക്രട്ടറി അനുഗ്രഹ, റ്റി.സി.48/945(7), അമ്പലത്തറ, പൂന്തുറ |
| | 267040 | ശ്രീമതി. ലതാകുമാരി. എസ്, സെക്രട്ടറി റ്റി.സി.19/1992 (1), ദേവശ്രീ, പൂജപ്പുര, മുടവൻമുഗൾ |

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഇ) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

എഫ്)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം</u>

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1. | ശ്രീമതി വിജ്ജമോൾ അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ ബാലരാമപുരം ഗ്രാമപഞ്ചായത്ത് | ബത് ലഹേം, ചെമ്പകശ്ശേരി നഗർ കേശവദാസപുരം |
| 2 | ശ്രീ. ജയപ്രകാശ് .എസ്.പി അസി.എഞ്ചിനീയർ | വിരമിച്ചു | സത്യമംഗലം,മണ്ണാമൂല പേരൂർക്കട. |

## <u>4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം</u>

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പദ്ധതിയുടെ പേര് | ലഭിച്ച തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | കിണർ റീചാർജ്ജ് | 12960 | 12960 | 0 |
| | | ക്ഷീരസമൃദ്ധി (വനിത) | 25000 | 25000 | 0 |
| | | ലൈഫ് ഭവനം(SC) | 335281 | 335281 | 0 |
| | | ക്ഷീരസമൃദ്ധി (ജനറൽ) | 13000 | 13000 | 0 |
| ആകെ | | | 386241 | | |
| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | |
| 531281 | 50960 | 582241 | 386241 | 196000 # | |
| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പദ്ധതിയുടെ പേര് | ലഭിച്ച തുക | ചെലവ് | നീക്കിയിരിപ്പ് |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | സ്നേഹസ്പർശനം | 300000 | 144000 | 163217 |
| | | | | | |
| | | അങ്കണവാടി പോഷകാഹാരം | | 136783 | |
| | | ക്ഷീരസമൃദ്ധി (വനിത) | 100000 | 100000 | 0 |
| | | ക്ഷീരസമൃദ്ധി (ജനറൽ) | 100000 | 100000 | 0 |
| | | ലൈഫ് ഭവനം (SCP) | 7000 | 7000 | 0 |
| | | ലൈഫ് ഭവനം (ജനറൽ) | 1238400 | 1052800 | 185600 |

| | | | | | |
|---|---|---|---|---|---|
| | | കിണർ റീചാർജ്ജിംഗ് | 144000 | 8640 | 135360 |
| | | തിരികെ അടച്ച് തുക | | 1196330* | |
| | | ആകെ | | 2745553 | |
| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | |
| 1952910 | 2059775 | 4012685 | 2745553 | 1267132# | |
| ബ്ലോക്ക് പഞ്ചായത്ത്(Capital Expenditure ) | | | | | |
| 354720 | 600000 | 954720 | 298760 | 655960 | |

*Unutilised Amount Remitted To Block Panchayat 11,96,330/-

#മുൻവർഷത്തെ തുകയുടെ നീക്കിയിരിപ്പ് ഉൾപ്പെടെ

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിക്ഷേപ പ്രവൃത്തികൾക്ക് 2019-20 സാമ്പത്തിക വർഷം നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | നൽകിയ തുക | ചെലവഴിച്ച തുക | തിരികെ ലഭിച്ച തുക | ചെലവഴിക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | പോസ്റ്റ് സ്ഥാപിച്ച് വൈദ്യുതി ലൈൻ സ്ഥാപിക്കൽ (പ്രോജക്ട് നം 71/20) | 367040 | - | - | 367040 |
| KSEB | കുരിശുമുട്ടം പള്ളിവിള റോഡ് പോസ്റ്റ് ലൈൻ എക്സ്റ്റൻഷൻ (പ്രോജക്ട് നം.152/20) | 32410 | - | - | 32410 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പായിനത്തിൽ 3620000/-രൂപ KURDFC ലോണായി ലഭിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം തിരിച്ചടവിന്റെയും നീക്കിയിരിപ്പിന്റെയും വിവരം ചുവടെ ചേർക്കുന്നു.

| വായ്പ വിവരം | ഉത്തരവ്/നമ്പർ/ തീയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ | തൻവർഷം അടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കുവാൻ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | ബാക്കിയുണ്ടായിരുന്ന തുക | | ബാക്കിയുള്ള തുക |
| EMS | GO(Rt)275/2010/Lsgd/ 27.10.2010 | 19468500 | 1111573 | 1111573 | -- |
| KURDFC | GO (Ms) 68/2018/Lsgd/ 18.05.2018 | 26664731 | 23044731 | 1985294 | 24679437 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1231/2018 തീയതി.07.06.2018 | 1 | |
| 2003-04 | എൽ.എഫ്.റ്റി.ഡി.ജി.പി.4/820/2005, തീയതി.31.01.2014 | 2 | |
| 2004-05 | എൽ.എഫ്.റ്റി.ഡി.ജി.പി.4/311/2007 തീയതി.25.06.2014 | 1 | |
| 2005-06 | എൽ.എഫ്.റ്റി.ഡി.ജി.പി.4/483/2007 തീയതി.24.10.2011 | 1 | |
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി.4/484/2008 തീയതി.02.11.2011 | 3 | |
| 2007-08 | എൽ.എഫ്.റ്റി.ഡി.ജി.പി.4/800/2009 തീയതി.08.07.2011 | 2 | |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി.4/2297/2011 തീയതി.05.04.2013 | 1 | |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി.4/2298/2011 തീയതി.16.04.2013 | 1 | |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1700/2014 തീയതി.20.10.2014 | 3 | |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1789/2014(2) തീയതി.08.12.2014 | 4 | |
| 2012-13 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1173/2014 തീയതി.13.10.2014 | 9 | |
| 2013-14 | കെ.എസ്.എ.റ്റി .വി.എം.ജി.പി.4/ 1078/2015 തീയതി.28.09.2015 | 3 | |
| 2014-15 | കെ.എസ്.എ.റ്റി .വി.എം.ജി.പി.4/ 1336/2016,തീയതി 30/07/2016 | 3 | |
| 2015-16 | കെ.എസ്.എ.റ്റി .വി.എം.ജി.പി.4/ | | |

| | | | |
|---|---|---|---|
| | 2131/2016 തീയതി.08.12.2016 | 9 | |
| 2016-17 | കെ.എസ്.എ.റ്റി .വി.എം.ജി.പി.4/ 1936/2017 തീയതി.03.10.2017 | 35 | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.4/2193/18 തീയതി.10.12.2018 | 12 | |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.4/328/18 തീയതി.05.06.2020 | 22 | |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ വിളവൂർക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ വിളവൂർക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്